**അടിയന്തരപ്രമേയം**

മുല്ലപ്പെരിയാർ ഡാം

മി. സ്പീക്കർ: തീവ്രമഴയുടെ പശ്ചാത്തലത്തിൽ മുല്ലപ്പെരിയാർ ഡാമിന്റെ പരമാവധി ജലനിരപ്പ് താഴ്ത്തുന്നതിനും പുതിയ ഡാം പണിയണമെന്നുള്ള ആവശ്യം ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി സംസ്ഥാന താൽപര്യം സംരക്ഷിക്കുന്നതിലും സർക്കാർ പരാജയപ്പെട്ടതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ രമേശ് ചെന്നിത്തല, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഇവിടെ നൽകിയിട്ടുള്ള നോട്ടീസ് കേരളത്തിലുണ്ടായ അതിരൂക്ഷമായ തീവ്രമഴയുടെ പശ്ചാത്തലത്തിൽ ഒരു പുതിയ ഡാം ഉണ്ടാകണം, ജലനിരപ്പ് പരമാവധി താഴ്ത്തി നിലനിർത്തണം എന്നുള്ളതാണ്. ഈ രണ്ട് കാര്യങ്ങളിലും ഗവൺമെന്റ് സാധ്യമായ എല്ലാ കാര്യങ്ങളും ചെയ്തുവരികയാണ് എന്നാണ് ആദ്യമായി എനിക്ക് സൂചിപ്പിക്കുവാനുള്ളത്.

1886 ഒക്ടോബർ 29-ന് അന്നത്തെ തിരുവിതാംകൂർ മഹാരാജാവും സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഫോർ ഇൻഡ്യ ഇൻ കൗൺസിലും പെരിയാർ നദിയുടെ ഏറ്റവും താഴ്ന്ന നിരപ്പിൽനിന്നും 155 അടി പൊക്കം വരെ കോണ്ടൂർ ലൈനിൽ ചുറ്റപ്പെട്ട ഏകദേശം 8000 ഏക്കർ ജലസംഭരണിയും അതിനടുത്തുതന്നെ ജലസേചന അനുബന്ധ നിർമ്മിതികൾ പണിയുന്നതിനായി മറ്റൊരു 100 ഏക്കർ സ്ഥലവും 999 വർഷത്തേയ്ക്ക് തമിഴ്നാടിന് പാട്ടത്തിന് നൽകിക്കൊണ്ട് മുല്ലപ്പെരിയാർ പാട്ടക്കരാർ ഒപ്പുവച്ചു.

1895-ൽ നിർമ്മിച്ച മുല്ലപ്പെരിയാർ ഡാമിന്റെ ഉയരം അടിത്തറയുടെ ഏറ്റവും താഴ്ന്ന ഭാഗത്തുനിന്നും 176 അടിയും ഫുൾ റിസർവോയർ ലെവലിൽനിന്നും 152 അടിയുമാണ്. ഡാമിന്റെ മുൻഭാഗവും പിൻഭാഗവും ചുണ്ണാമ്പ് മിശ്രിതത്തിന്റെ സഹായത്താൽ കരിങ്കല്ലിലും ഡാമിന്റെ 62 ശതമാനം വരുന്ന ഉൾഭാഗം ചുണ്ണാമ്പ് സുർക്കി കോൺക്രീറ്റിനാലുമാണ് നിർമ്മിച്ചിരിക്കുന്നത്.

ഡാമിന് ഡ്രെയിനേജ് ഗാലറിയോ സ്കൗർ സ്ല്യൂസുകളോ ഒന്നുംതന്നെ നൽകിയിരുന്നില്ല. ഡാമിന്റെ രൂപകൽപ്പനയിൽ സീസ്മിക്ക്, അപ്പ്ലിഫ്റ്റ് ഫോഴ്സുകളോ പരിഗണിച്ചിരുന്നില്ല. ഡാമിന്റെ സ്വഭാവത്തെകുറിച്ചോ, വർഷങ്ങൾക്ക് മുകളിലുള്ള പ്രകടനത്തെ മോണിറ്റർ ചെയ്യുവാനുള്ള ഉപകരണങ്ങൾ ഒന്നുംതന്നെ ഡാമിൽ സ്ഥാപിച്ചിരുന്നില്ല. ഡാമിൽനിന്നും തുടർച്ചയായ കനത്ത

ലീക്ക് അനുഭവപ്പെട്ടതിനാൽ 1935-ലും 1961-ലും ഡാമിൽ ഗ്രൗട്ടിംഗ് ചെയ്യുകയുണ്ടായി. എന്നാൽ ഇവയൊന്നുംതന്നെ ഫലപ്രദമായിരുന്നില്ല.

ഡാമിന്റെ ബലക്ഷയവുമായി ബന്ധപ്പെട്ട് കേരള സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് നവംബർ 1979-ൽ കേന്ദ്ര ജലകമ്മീഷൻ ചെയർമാൻ ഡോ. കെ. സി. തോമസ്, കേരളത്തിലെയും തമിഴ്നാട്ടിലെയും ഉദ്യോഗസ്ഥരോടൊപ്പം അണക്കെട്ട് പരിശോധിക്കുകയും അണക്കെട്ട് ബലപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് അടിയന്തര, ഹ്രസ്വകാല, ദീർഘകാല നടപടികൾക്ക് നിർദ്ദേശം നൽകുകയും ചെയ്തു. ഇതേത്തുടർന്ന് ഡാമിൽ ശേഖരിക്കാവുന്ന ജലത്തിന്റെ നിരപ്പ് 152 അടിയിൽനിന്നും 136 അടിയായി കുറയ്ക്കുകയുണ്ടായി. ബലപ്പെടുത്തൽ നടപടികളുടെ ഭാഗമായി 1980-ൽ മെയിൻ ഡാമിന് RCC Capping, കേബിൾ ആങ്കറിംഗും 1990-ൽ അഡീഷണൽ വെന്റ്‌വേയും 1994-ൽ മെയിൻ ഡാമിന് കോൺക്രീറ്റ് ബാക്കിംഗും ചെയ്യുകയുണ്ടായെങ്കിലും അവയൊന്നുംതന്നെ ഫലപ്രദമായിരുന്നില്ല. ദീർഘകാല ബലപ്പെടുത്തൽ നടപടികൾക്ക് പകരമായി നിലവിലുള്ള ഡാമിന്റെ അധികം അകലെയല്ലാതെ ഒരു പുതിയ ഡാമിനുള്ള സ്ഥാനം കണ്ടെത്തുവാനും സി.ഡബ്ല്യൂ.സി. 1979-ൽ നിർദ്ദേശിച്ചിരുന്നു. അതനുസരിച്ച് 20.12.1979-ൽ കേരളത്തിലെയും തമിഴ്നാട്ടിലെയും ഉദ്യോഗസ്ഥർ സംയുക്തമായി സ്ഥലം

പരിശോധിക്കുകയും നിലവിലുള്ള അണക്കെട്ടിന് ഏകദേശം 366 മീറ്റർ താഴെയായി ഒരു പുതിയ അണക്കെട്ടിനുള്ള സ്ഥാനം കണ്ടെത്തുകയുമുണ്ടായി. 1895-ൽ നിർമ്മിച്ച മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷയും അണക്കെട്ടിന്റെ കീഴ്ഭാഗത്ത് വസിക്കുന്ന ജനങ്ങളുടെ ജീവന്റെ സുരക്ഷയും ഉറപ്പ് വരുത്തുവാനായി നിലവിലെ അണക്കെട്ടിന്റെ താഴെയായി ഒരു പുതിയ അണക്കെട്ട് പണിയുവാനുള്ള ആവശ്യം കേരളം ആദ്യംമുതൽതന്നെ നിരവധി ചർച്ചകളിൽ കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു.

കൂടാതെ, മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 136 അടിക്ക് മുകളിൽ ഉയർന്നതിനെ സംബന്ധിച്ചും ഇരു സംസ്ഥാനങ്ങളും തമ്മിൽ നടന്ന ചർച്ചകളിലും പുതിയ ഡാമിന്റെ നിർമ്മാണത്തെ കുറിച്ച് കേരളം ആവശ്യപ്പെട്ടെങ്കിലും അതുസംബന്ധിച്ച് പരിഹാരമുണ്ടായില്ല. തുടർന്ന് കേരളവും തമിഴ്നാടും തമ്മിൽ നിലനിന്നിരുന്ന മുല്ലപ്പെരിയാർ ഡാം സംബന്ധിച്ച തർക്കങ്ങളുടെ ഭാഗമായി ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ നിലനിന്നിരുന്ന OS 3 of 2006 അസ്സൽ അന്യായത്തിന്റെ മേൽ നിലവിലുള്ള ഡാമിന്റെ സുരക്ഷയെ സംബന്ധിച്ചും കേരളത്തിന്റെ പുതിയ ഡാം നിർമ്മാണത്തിന്റെ ആവശ്യകതയെ സംബന്ധിച്ചും കേരളം ബഹുമാനപ്പെട്ട സുപ്രീംകോടതിയെ അറിയിച്ചിരുന്നു.

കൂടാതെ 100 വർഷത്തിലേറെ പഴക്കമുള്ള ഡാമിന്റെ സുരക്ഷയെ സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ വിവിധ സ്ഥാപനങ്ങളെക്കൊണ്ട് കേരളം പഠനങ്ങൾ നടത്തിയിരുന്നു. ഡാമിന്റെ ഹൈഡ്രോളജിക്കൽ സുരക്ഷയെ സംബന്ധിച്ച് IIT ഡൽഹിയെക്കൊണ്ടും നിലവിലുള്ള ഡാമും പരിസരവും ഭൂകമ്പ സാധ്യത ഉണ്ടാകുന്ന മേഖലയായതിനാൽ IIT റൂർക്കിയെക്കൊണ്ടും കേരളം പഠനം നടത്തിയിരുന്നു. IIT ഡൽഹി നടത്തിയ Probable Maximum Flood and Flood Routing പഠനത്തിൽ മുല്ലപ്പെരിയാർ ഡാം ഹൈഡ്രോളജിക്കലായി സുരക്ഷിതമല്ലെന്നും IIT റൂർക്കി നടത്തിയ പഠന റിപ്പോർട്ടിൽ നിലവിലുള്ള മുല്ലപ്പെരിയാർ ഡാമിന് പരിസരത്തുണ്ടാകുന്ന ഭൂകമ്പത്തിന്റെ ആഘാതങ്ങളെ നേരിടുവാൻ കഴിയില്ലെന്നും വ്യക്തമാക്കിയിരുന്നു. പ്രസ്തുത പഠന റിപ്പോർട്ടുകൾ കേരളം ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സമർപ്പിച്ചിരുന്നു. മുല്ലപ്പെരിയാറിൽ പുതിയ ഡാമിന്റെ വിശദമായ പദ്ധതിരേഖ കേരളം തയ്യാറാക്കുകയും ബഹുമാനപ്പെട്ട സുപ്രീംകോടതി നിയോഗിച്ച ഉന്നതാധികാര സമിതി മുമ്പാകെ 2011-ൽ സമർപ്പിക്കുകയും ചെയ്തു. എന്നാൽ തമിഴ്നാട് ഫയൽ ചെയ്ത അസ്സൽ അന്യായം OS 3 of 2006-ന്മേൽ 07.05.2014-ൽ ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ഉന്നതാധികാര സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുല്ലപ്പെരിയാർ ഡാം hydrologically,

seismically and structurally safe ആണെന്നും ഡാമിന്റെ ജലനിരപ്പ് 142 അടിവരെ ഉയർത്താവുന്നതാണെന്നും സൂചിപ്പിക്കുകയുണ്ടായി. എന്നാൽ കേരളത്തിന്റെ ആവശ്യകത കണക്കിലെടുത്ത് തമിഴ്നാടിന്റെ അനുമതിയോടെ പുതിയ ഡാം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.

1895-ൽ നിർമ്മിച്ച മുല്ലപ്പെരിയാർ ഡാമിന്റെ കാലപ്പഴക്കം കണക്കിലെടുത്ത് മുല്ലപ്പെരിയാർ ഡാമിന്റെ താഴെ വസിക്കുന്ന ജനങ്ങളുടെ ജീവനും സ്വത്തിനും ഉണ്ടാകുന്ന വിപത്തും ഇതുണ്ടാക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷവും പരിഗണിച്ച് കേരളത്തിൽ മുല്ലപ്പെരിയാറിൽ പുതിയ ഡാമിന്റെ ആവശ്യകത സംബന്ധിച്ച് 2014 ജൂൺ 9-ാം തീയതി കേരള നിയമസഭ ഐകകണ്ഠ്യേന ഉപക്ഷേപം പാസ്സാക്കുകയുണ്ടായി.

പരിസ്ഥിതി ആഘാത പഠനവുമായി ബന്ധപ്പെട്ട് കേന്ദ്ര ജലകമ്മീഷന്റെ നിലവിലുള്ള മാർഗ്ഗരേഖ പ്രകാരം പുതിയ മുല്ലപ്പെരിയാർ ഡാമിന്റെ ഡി.പി.ആർ. പുതുക്കുന്നതായി ചീഫ് എഞ്ചിനീയർ (ISW)ന്റെ അദ്ധ്യക്ഷതയിൽ 12.02.2021-ലെ സർക്കാർ ഉത്തരവ് GO (Rt.) No. 102/2021/WRD പ്രകാരം ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. നിലവിൽ മുല്ലപ്പെരിയാറിൽനിന്നും തമിഴ്നാടിന് നൽകിക്കൊണ്ടിരുന്ന ജലത്തിന്റെ അളവിൽ കുറവ് വരാത്ത

വിധത്തിലും കേരളത്തിലെ ജനങ്ങളുടെ സുരക്ഷ ഉറപ്പ് വരുത്തുന്ന രീതിയിലുമാണ് പുതിയ ഡാം നിർമ്മിക്കുവാനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നത്. പ്രസ്തുത കമ്മിറ്റി യോഗങ്ങളിൽ പുതിയ ഡാമിന്റെ അലൈൻമെന്റ് നിശ്ചയിക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. പുതിയ ഡാമിന്റെ രൂപരേഖയുമായി ബന്ധപ്പെട്ട ഒരു ഉപസമിതിയും രൂപീകരിച്ചു. ഡാമിന്റെ എഫ്.ആർ.എൽ. നിശ്ചയിക്കുന്നത് നയപരമായ കാര്യമായതിനാൽ സർക്കാർ തലത്തിൽ തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്.

ഡി.പി.ആർ. റിവൈസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് അടിയന്തരമായി സ്വീകരിക്കേണ്ട നടപടികൾ താഴെച്ചേർക്കുന്നു.

- മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മാണവുമായി ബന്ധപ്പെട്ട് തമിഴ്നാടുമായി ഒരു ധാരണയുണ്ടാക്കേണ്ടതാണ്.
- പുതിയ ഡാമിന്റെ എഫ്.ആർ.എൽ. നിശ്ചയിക്കണം.
- പുതിയ ഡാമിന്റെ അലൈൻമെന്റ് ഫൈനലൈസ് ചെയ്യണം.
- പുതിയ ഡാം നിർമ്മാണവുമായി ബന്ധപ്പെട്ട് മുങ്ങുന്ന വനഭൂമി തിട്ടപ്പെടുത്തുകയും വനംവകുപ്പിന്റെ അനുമതി തേടുകയും വേണം.

126 വർഷം പഴക്കമുള്ള മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷയെ സംബന്ധിച്ച് കേരള ജനതയുടെ ആശങ്ക ഇന്നും നിലനിൽക്കുന്നു. മുല്ലപ്പെരിയാർ

ഡാം തകരുന്ന സാഹചര്യമുണ്ടായാൽ മുല്ലപ്പെരിയാർ ഡാമിന്റെ താഴ്ഭാഗത്തേയ്ക്കുള്ള സാഹചര്യങ്ങളെ കുറിച്ച് വളരെ വ്യക്തമായ കാഴ്ചപ്പാടോടുകൂടി ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും കേന്ദ്ര സർക്കാരിനെയും അറിയിച്ചിട്ടുണ്ട്. മുല്ലപ്പെരിയാർ എൺവയോൺമെന്റ് പ്രൊട്ടക്ഷൻ ഫോറം WPC 386/2001 പ്രകാരം ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സമർപ്പിച്ച ഹർജിയിൽ 2006-ൽ കോടതി വിധി പ്രസ്താവിക്കുകയും ഡാമിന്റെ ജലനിരപ്പ് 142 അടിയായി നിജപ്പെടുത്തിയിട്ടുള്ളതുമാണ്. തുടർന്ന് 18.03.2006-ൽ കേരള ജലസേചനവും ജലസംരക്ഷവും (ഭേദഗതി) നിയമം, 2006 കേരള നിയമസഭ പാസ്സാക്കുകയും തുടർന്ന് ജലനിരപ്പ് 136 അടിയായി നിജപ്പെടുത്തുകയും ചെയ്തു. ഇതിനെ ചോദ്യം ചെയ്ത് 31.03.2006-ൽ തമിഴ്നാട് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ അസ്സൽ അന്യായം ഫയൽ ചെയ്തു. തുടർന്ന് 07.05.2014-ൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയിലെ അഞ്ചംഗ ഭരണഘടനാ ബെഞ്ച് വിധി പറയുകയും ഡാമിന്റെ ജലനിരപ്പ് 136 അടിയിൽനിന്നും 142 അടിയായി ക്രമീകരിക്കണമെന്നും ആയതിന് മേൽനോട്ടം വഹിക്കുന്നതിനായി സി.ഡബ്ല്യു.സി. ഡാം സേഫ്റ്റി ചീഫ് എഞ്ചിനീയർ ചെയർമാനായി ഇരു സംസ്ഥാനങ്ങളിലെയും അഡീഷണൽ ചീഫ് സെക്രട്ടറിമാർ ചേർന്ന് മേൽനോട്ട സമിതി രൂപീകരിക്കുകയും ചെയ്തു. ഈ കമ്മിറ്റിക്ക് താഴെപ്പറയുന്ന

അധികാരങ്ങൾ നൽകി. മുല്ലപ്പെരിയാർ ഡാമിന്റെ ജല നിരപ്പ് 142 അടിയിൽ കൂടാതെ നിലനിർത്തുക; കൃത്യമായ ഇടപെടലിലൂടെ ഡാമിൽ പരിശോധന നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക; ഡാമിന്റെ സുരക്ഷയ്ക്കായി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക; കേന്ദ്ര ജല കമ്മീഷന്റെയും ഡാം സേഫ്റ്റി ഓർഗനൈസേഷന്റെയും ഗൈഡ്‌ലൈൻസ് പ്രകാരം പ്രവൃത്തികൾ ചെയ്യുന്നതിന് തമിഴ്‌നാടിന് അനുവാദം നൽകുക.

സൂപ്പർവൈസറി കമ്മിറ്റി നാളിതുവരെ 14 യോഗങ്ങൾ കൂടിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ സുപ്രീം കോടതിയിൽ നിലവിലുള്ള കേസിൽ സംസ്ഥാനത്തിന്റെ ആശങ്കകൾ ഫലപ്രദമായി സ്ഥാപിക്കുന്നതിനും അതോടൊപ്പം പുതിയ ഡാമിന്റെ ആവശ്യകത ബഹുമാനപ്പെട്ട കോടതിയിൽ ബോധിപ്പിക്കുന്നതിനാവശ്യമായ എല്ലാ രേഖകളും സമർപ്പിച്ചിട്ടുണ്ടെന്ന് കാണാം. കൂടാതെ ഡാമിന്റെ ബലക്ഷയത്തെക്കുറിച്ചും കാലപ്പഴക്കത്തെക്കുറിച്ചും ആധികാരികമായ രേഖകൾ സഹിതം സുപ്രീം കോടതിയിൽ അഫിഡവിറ്റ് കാലാകാലങ്ങളിൽ ഫയൽ ചെയ്തിട്ടുണ്ട്. നിലവിൽ CWC നിർദ്ദേശപ്രകാരം തമിഴ്‌നാട് തയ്യാറാക്കിയ റൂൾ കർവ് കേരളത്തിന് സ്വീകാര്യമല്ലാത്തതിനാൽ സുരക്ഷാക്രമീകരണങ്ങളും ഡാമിന്റെ

ബലക്ഷയവും കണക്കിലെടുത്ത് പുതിയ റൂൾ കർവ് തയ്യാറാക്കി കേന്ദ്ര ജല കമ്മീഷൻ മുഖാന്തരം സുപ്രീം കോടതിയിൽ സമർപ്പിച്ചു. പ്രസ്തുത റൂൾ കർവ് സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീം കോടതി അന്തിമവിധി പുറപ്പെടുവിച്ചിട്ടില്ല. 28.10.2021-ലെ ഉത്തരവിൽ ബഹുമാനപ്പെട്ട കോടതി കേരളത്തിനെതിരായി സാരമായ യാതൊരു അഭിപ്രായവും രേഖപ്പെടുത്തിയിട്ടില്ല. പകരം വിശദമായ അഫിഡവിറ്റ് ഫയൽ ചെയ്യാനായി ആവശ്യപ്പെട്ട സമയം നൽകുകയാണ് ചെയ്തത്.

ഇവിടെ കാണാൻ സാധിക്കുന്നത്, കോടതി പറഞ്ഞത് നവംബർ മാസം 11-ന് വീണ്ടും വാദം കേൾക്കാമെന്നാണ്. നമ്മൾ ഇക്കാര്യത്തിൽ മനസ്സിലാക്കേണ്ടതായിട്ടുള്ളത് 142 അടിയായി ജലനിരപ്പ് നിജപ്പെടുത്തുന്നതിന് സുപ്രീം കോടതിയുടെ വിധി നിലവിലുണ്ട്. എന്നാൽ 2018-ലുണ്ടായ അതിവൃഷ്ടിയുടെ ഭാഗമായി അത് 139.99-ൽ അധികരിക്കരുതെന്ന് കോടതിയുടെ തന്നെ ഒരു നിരീക്ഷണം ഉണ്ടായിട്ടുണ്ടെന്ന് നമുക്കറിയാം. 2019-ലെ Russel Joy vs Union Of India കേസുമായി ബന്ധപ്പെട്ടാണ് കോടതി അത് പറഞ്ഞത്. അത് പറയുമ്പോഴും ഇപ്പോഴും 142 അടി തന്നെയാണ് അന്തിമമായി കോടതി

നൽകിയിരിക്കുന്ന ജലനിരപ്പ്. എന്നാൽ തുടർന്നുവന്ന അതിവൃഷ്ടിയും ഇപ്പോൾ രൂപപ്പെടുന്ന ന്യൂനമർദ്ദവും കൂടുതൽ ജലമുയരാനുള്ള സാധ്യതയുമൊക്കെ പരിഗണിച്ചുകൊണ്ടാണ് മേൽനോട്ടസമിതി മുമ്പാകെ നമ്മുടെ കാര്യങ്ങൾ  അവതരിപ്പിച്ചത്. മുല്ലപ്പെരിയാറിലെ ജലനിരപ്പ് വളരെപ്പെട്ടെന്ന് ഉയരുമെന്നതാണ് കഴിഞ്ഞകാല അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ നമുക്ക് വ്യക്തമാവുന്നത്. ഏതാണ്ട് 625 സ്ക്വയർ കിലോ മീറ്റർ കാച്ച്മെന്റ് ഏരിയയുണ്ട്. പക്ഷേ ഡാമിന്റെ മാക്സിമം വാട്ടർ കപ്പാസിറ്റി 12.75 TMC ആണ്. എന്നാൽ ഇടുക്കി ഡാമിൽ 650 സ്ക്വയർ കിലോമീറ്ററിൽ റിസർവ് ഏരിയയും കാച്ച്മെന്റ് ഏരിയയുണ്ട്. പക്ഷേ അതിന്റെ കപ്പാസിറ്റി 70.5 ആണ്. മുല്ലപ്പെരിയാറിൽ ശക്തമായൊരു മഴയുണ്ടായാൽ നാലോ അഞ്ചോ അടി ജലമുയരാൻ ഒരു ദിവസം തന്നെ വേണ്ടി വരുന്നില്ല. ഇത് ആപത്കരമാണെന്ന്  നമ്മൾ വളരെ വ്യക്തമാക്കി ബോധ്യപ്പെടുത്തി. 2018-ൽ നമുക്കത് ബോധ്യപ്പെട്ടു. അതുകൊണ്ടാണ് ഇക്കാര്യത്തിൽ ജാഗ്രത പുലർത്താൻ നേരത്തെ തയ്യാറായത്. ഇരു ഡാമുകളിലെയും ജലനിരപ്പ് നിയന്ത്രിക്കുന്ന കാര്യം, ഇടുക്കി ഡാമിലെ ജലനിരപ്പ് നിയന്ത്രിക്കാനെടുത്ത തീരുമാനം, സുരക്ഷാ ക്രമീകരണങ്ങൾ എന്നിവയെല്ലാം തന്നെ

പൂർത്തിയായിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ച നോട്ടീസിൽ പറഞ്ഞിട്ടുള്ളതിൽ പുതിയ ഡാം ഉണ്ടാക്കുന്നതിലും ജലനിരപ്പ് താഴ്ത്തുന്ന കാര്യത്തിലും ഈ സഭയിൽ രണ്ടഭിപ്രായം ആർക്കുമുണ്ടാകുമെന്ന് ഞാൻ കരുതുന്നില്ല. പക്ഷേ 2006-ലെയും അതിനുശേഷം നമ്മൾ പാസാക്കിയ നിയമവും 2014-ലെ സുപ്രീം കോടതി വിധിയും അതിനെത്തുടർന്നുണ്ടായ സാഹചര്യവും സംസ്ഥാനം ഒരുപോലെ ഒരേ സ്പിരിറ്റിലെടുക്കണം. ഇപ്പോൾ നമുക്കുണ്ടായ സാഹചര്യം എന്താണ്? 142 അടിയിൽനിന്നും താഴേയ്ക്കുകൊണ്ടുവരാൻ കഴിഞ്ഞിരിക്കുന്നു. 138 റൂൾ കർവ് എന്നത് അംഗീകരിച്ചില്ല. നമ്മൾ ഒബ്ജക്ഷൻ പറഞ്ഞു. അപ്പോൾ കോടതി 139.5 അടിയായി നിജപ്പെടുത്താൻ പറഞ്ഞു. 139.9 അടിയിൽ ഒരു നിരീക്ഷണം നടത്തിയ കോടതി 139.5 എന്നു പറയുകയും കേസ് നവംബർ 11-ന് വീണ്ടും കേൾക്കാം എന്ന് സമ്മതിക്കുകയും ചെയ്തിരിക്കുന്നു. ആ നിലയിൽ ശക്തമായ ഇടപെടൽ നടത്തിയിട്ടുണ്ട്. പുതിയ ഡാമുണ്ടാകണമെന്നുള്ളത് മുഖ്യമന്ത്രി തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഒരു പുതിയ ഡാമുണ്ടാക്കുന്നതിനാവശ്യമായ എല്ലാ കാര്യങ്ങളും സർക്കാർ സ്വീകരിക്കും. അതിന് നമ്മുടെ സഭയ്ക്ക് രണ്ടഭിപ്രായം ആവശ്യമുണ്ടോ; മാത്രമല്ല, 'ആശങ്ക വേണ്ട' എന്നു പറഞ്ഞ വാക്ക് പലപ്പോഴും

ഇങ്ങനെ ഏറി നിൽക്കുകയാണ്. മുല്ലപ്പെരിയാർ കേസിൽ മുഖ്യമന്ത്രി പറഞ്ഞ വാക്കുകളെ അതിന്റേതായ രീതിയിൽ കാണണം. ജനങ്ങൾക്ക് ആശങ്കയുണ്ടാകാൻ പാടില്ല. ഈ വിഷയമുണ്ടായതിന്റെ അന്നുതന്നെ എന്നെ ആദ്യം ഇടുക്കിയിലേയ്ക്ക് അയച്ചു. തൊട്ടുപുറകേ റവന്യൂ വകുപ്പുമന്ത്രി വന്നു; അവിടെയുള്ള ഒരു കാര്യത്തിലും ആർക്കും ഒരു ആക്ഷേപവുമുണ്ടാകാൻ ഇടകൊടുക്കാതെ ജനങ്ങളുടെ സുരക്ഷയെ സംബന്ധിച്ചും ഭീതി അകലുന്നതിനും സാധ്യമായതെല്ലാം ചെയ്തു. അങ്ങനെയൊരു പാനിക് സിറ്റുവേഷൻ ഉണ്ടാക്കരുത്. അതാണ് മുഖ്യമന്ത്രി ആഗ്രഹിച്ചത്. അങ്ങനെ ചെയ്യേണ്ടതല്ലേ; ആ നിലയിൽ വളരെ വ്യക്തമായ കാഴ്ചപ്പാടോടുകൂടി നമുക്ക് മുന്നോട്ടു പോകാൻ കഴിയുന്നുണ്ട്. ഒരു പുതിയ ഡാം ഉണ്ടാകണമെന്ന് പറയുന്നത് ഈ സഭയുടെ ഒരു സ്പിരിറ്റാണ്. കേരളത്തിന്റെ ആവശ്യമാണ്. തമിഴ്നാടിന് ആവശ്യമായ ജലം; കേരളത്തിന്റെ സുരക്ഷ എന്ന കാര്യത്തിൽ നമുക്ക് ഒരുമിച്ച് നിൽക്കണം. നമ്മുടെ സഭ ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ അത് മറ്റൊരു തരത്തിൽ വ്യാഖ്യാനിക്കപ്പെടാൻ അവസരമുണ്ടാകരുത്. നമ്മൾ ഇതിനുവേണ്ടി ഐകകണ്ഠ്യേന പ്രമേയം പാസാക്കിയിട്ടുള്ള ഒരു സഭയാണ്. നമ്മുടെ സ്പിരിറ്റ് ഒന്നാണ്. ഇക്കാര്യത്തിൽ

നമുക്കാർക്കും രണ്ടഭിപ്രായമില്ല. നമ്മുടെ ബുദ്ധിമുട്ട് ജനങ്ങളുടെ ആശങ്കകളാണ്. 2018-ലെ സ്ഥിതിയെന്താണ്? മുല്ലപ്പെരിയാർ കവിയുന്നു; ഇടുക്കി ഡാമിലെ ജലനിരപ്പ് 2401 അടിയിലേയ്ക്ക് വരുന്നു; ഇടമലയാർ കവിഞ്ഞൊഴുകുന്നു. ആലുവയിലും എറണാകുളത്തും വെള്ളം പൊങ്ങുന്നു; വേലിയേറ്റം സംഭവിക്കുന്നതിനാൽ കടലിലേയ്ക്ക് വെള്ളം ചെല്ലുന്നില്ല; ഭയങ്കരമായ സ്ഥിതിവിശേഷമായിരുന്നു. അതുണ്ടാകാതെ ഡാമുകളിലെ ജലം നിയന്ത്രിക്കാൻ നമുക്കിപ്പോൾ സാധിച്ചിരിക്കുന്നു. സമുദ്രനിരപ്പിൽ നിന്നുള്ള കണക്കുകളെടുത്തു നോക്കുമ്പോൾ ഒരു വാണിംഗ് റേറ്റ് പോലും വന്നിട്ടില്ല. എങ്കിലും ക്ലിയറായ സുരക്ഷാ സംവിധാനം എല്ലാ തലത്തിലും നടത്താനും നന്നായി മേൽനോട്ടം വഹിക്കാനും കഴിഞ്ഞു. മുഖ്യമന്ത്രി അതിന് കൃത്യമായ...... എനിക്ക് അതിൽ വളരെ സന്തോഷമുണ്ട്. 2018-ൽ ആ കാര്യങ്ങൾ കണ്ടതാണല്ലോ; അതിലൊന്നും രാഷ്ട്രീയപരമായി നമുക്കാർക്കും ഒരഭിപ്രായവ്യത്യാസവുമില്ലായിരുന്നു. പ്രകൃതി ദുരന്തത്തിൽ നമുക്ക് ഒരുമിച്ച് നിൽക്കണം. റവന്യൂ വകുപ്പുമന്ത്രി നേരിട്ട് വന്ന് മീറ്റിംഗിന് വിളിച്ചു. നമുക്ക് ചെയ്യാവുന്ന പരിമിതികളെല്ലാം പൂർണ്ണമായും പ്രയോജനപ്പെടുത്തിയിട്ടുണ്ട്. മേൽനോട്ട സമിതി മുമ്പാകെ നമ്മൾ പറഞ്ഞ വാദഗതികൾ ചെയർമാൻ

കോടതിയിൽ സബ്മിറ്റ് ചെയ്യുന്നതിൽ വൈഷമ്യം വന്നപ്പോൾ നമ്മൾ അതിനെ ഡിസന്റ് ചെയ്തു. അവസാനം കോടതി പറഞ്ഞത്, ഇനി അടുത്ത 8-ാം തീയതിക്ക് മുമ്പ് അറിയിക്കണം, 11-ാം തീയതി വീണ്ടും വാദം കേൾക്കാം എന്നാണ്. രണ്ട് കാര്യങ്ങളാണുള്ളത്. 142 അടിയിൽ നിന്നും 139-ലേയ്ക്ക് രണ്ട് ഘട്ടമായി ജലനിരപ്പ് നിജപ്പെടുത്തുന്നതിനുവേണ്ടിയും നിരീക്ഷിക്കുന്നതിനുവേണ്ടിയും കോടതി തയ്യാറാകുന്നു. മുൻകാലങ്ങളിൽ 142 അടിയായിരുന്ന സന്ദർഭത്തിലെല്ലാം നമുക്ക് ഒരു കരുതലും മുന്നറിയിപ്പും നൽകാതെ വെള്ളം തുറന്നുവിടുകയായിരുന്നു. 2018-ൽ 13 ഷട്ടറുകളും ഏകദേശം 3 അടിയോളം തുറന്നു. നമുക്ക് ഭീകരമായ ഒരന്തരീക്ഷമാണ് ഉണ്ടായത്. നമുക്ക് ചിന്തിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായി. 28000-ൽപ്പരം ക്യുസെക്സ് വെള്ളം നമുക്ക് ഡിസ്ചാർജ്ജ് ചെയ്യേണ്ടിവന്നു. ഇന്ന് ആ സ്ഥിതിയൊന്നും അവിടെയില്ല. ആ നിലയിൽ എത്തിനിൽക്കുന്നു. മാത്രവുമല്ല; ഇപ്പോൾ തുറന്നുവിട്ടിരിക്കുന്ന ജലം ഈ നിമിഷം വരെയും നിർത്തിയിട്ടുമില്ല. കുറച്ചുകൂടി അനുകൂലമായ ഒരു സാഹചര്യമുണ്ടാകുന്നു. അതിനെ വളരെ പോസിറ്റീവായി കാണണം. തുടക്കം മുതലേ ഈ ഗവൺമെന്റ് നന്നായി ഇടപെടുന്നതുകൊണ്ട് ഒരു സ്പിരിറ്റായികണ്ട് ഒരു

പുതിയ ഡാം ഉണ്ടാകണമെന്ന മെസേജ് ഈ സഭയുടേതായി ഉയർന്നുവരാൻ ശ്രദ്ധിക്കുകയാണ് വേണ്ടത്. മുഖ്യമന്ത്രി പറഞ്ഞ കാര്യങ്ങളും വാദഗതികളും കേരളത്തിലെ സുരക്ഷാമാനദണ്ഡങ്ങളുമായി ബന്ധപ്പെട്ട് ജനങ്ങളെ സംരക്ഷിക്കുന്നതിനുള്ള ധാർമ്മികതയുടെ മൂല്യം ഉയർത്തിയുമാണ് സംസാരിച്ചിട്ടുള്ളത്. ഇത്തരം കാര്യം നമ്മുടെ സഭ തന്നെ പലതവണ ചർച്ച ചെയ്തിട്ടുണ്ട്. ഈ വിഷയങ്ങളിൽ ഒരുമിച്ച് എടുത്തിട്ടുള്ള തീരുമാനങ്ങളുണ്ട്. ഭംഗിയായി കാര്യങ്ങൾ മുന്നോട്ടു പോകുന്നുണ്ട്. ഈ സാഹചര്യത്തിൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു കാര്യം ഉണ്ടെന്നു തോന്നുന്നില്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, എന്റെ ഹൃദയരക്തം കൊണ്ടാണ് ഞാൻ ഈ കരാറിൽ ഒപ്പുവയ്ക്കുന്നതെന്ന് 1886-ൽ തിരുവിതാംകൂർ മഹാരാജാവ് ശ്രീമൂലംതിരുനാൾ രേഖപ്പെടുത്തിയത് എന്റെ കാതുകളിൽ മുഴങ്ങുകയാണ്. കേരളത്തിലെ 5 ജില്ലകളിൽ അധിവസിക്കുന്ന പാവങ്ങളായ 30 ലക്ഷം ജനങ്ങൾ മുല്ലപ്പെരിയാറിനെ ഓർത്ത് വേദനിക്കുകയും ആശങ്കപ്പെടുകയും ചെയ്യുന്നൊരു സാഹചര്യം ഇന്ന് സംസ്ഥാനത്ത് നിലനിൽക്കുകയാണ്. കേരളത്തിനോട് കാട്ടിയ അനീതിയുടെ ഹൃദയഭേദകമായ വാക്കുകളായിരുന്നു

ശ്രീമൂലംതിരുനാളിന്റെ പ്രസ്താവനയിലൂടെ പുറത്തുവന്നത്. വർഷങ്ങൾകഴിഞ്ഞിട്ടും ഇപ്പോഴും കേരള ജനതയെ പേടിപ്പിക്കുന്നൊരു വസ്തുതയായി മുല്ലപ്പെരിയാർ നിൽക്കുകയാണ്. Mullapperiyar is haunting the people of Kerala എന്നതൊരു സത്യമാണ്. ഓരോ മഴയിലും ചെറിയ ഭൂചലനത്തിലും ഈ പുരാതന അണക്കെട്ടിന്റെ കീഴിൽ നെഞ്ചിടിപ്പോടെ ഭയവിഹ്വലതകളോടെ ജീവിക്കുന്ന ഒരുകൂട്ടം മനുഷ്യരുടെ കദനകഥയാണ് ഈ സഭ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യേണ്ടതെന്നാണ് ഞാൻ വിശ്വസിക്കുന്നത്. തമിഴ്നാടിന് വെള്ളം കൊടുക്കുന്നതിന് നമ്മളാരും എതിരല്ല, പക്ഷേ കേരളത്തിന്റെ സുരക്ഷ അതീവ പ്രാധാന്യം അർഹിക്കുന്നതാണ്. കേരളം എന്നും ഉദാരമായ നിലപാടാണ് തമിഴ്നാടിനോട് കാണിച്ചിട്ടുള്ളത്. നെയ്യാറിന്റെ കാര്യത്തിലും പറമ്പിക്കുളം-ആളിയാർ പദ്ധതിയുടെ കാര്യത്തിലുമെല്ലാം നമ്മൾ സ്വീകരിച്ചത് ഉദാരമായ നിലപാടാണ്. ആ നിലപാടിനെ നമ്മളാരും എതിർത്തിട്ടുമില്ല. പക്ഷേ കേരളം ജലം നൽകുമ്പോൾ കേരളത്തിലെ ജനങ്ങളുടെ സുരക്ഷിതത്വവും ആശങ്കയും പ്രയാസങ്ങളും പരിഹരിക്കാനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കേണ്ട സന്ദർഭം കൂടിയല്ലേ ഇത്. കാനഡ ആസ്ഥാനമായുള്ള യുണൈറ്റഡ് നേഷൻസ്

യൂണിവേഴ്സിറ്റിയുടെ ആഗോളതലത്തിലെ അണക്കെട്ടുകളെക്കുറിച്ചുള്ള പഠന റിപ്പോർട്ടുകൾ ഈയിടെ പുറത്തുവരികയുണ്ടായി - Ageing Water Infrastructure: An Emerging Global Risk. ലോകത്ത് 6 അണക്കെട്ടുകളാണ് ഏറ്റവും കൂടുതൽ റിസ്കുള്ളതെന്നാണ് അവരുടെ പഠനത്തിൽ പറയുന്നത്. അതിൽ 4 എണ്ണം ഡീകമ്മീഷൻ ചെയ്തു, ഒരെണ്ണം സിംബാവേയിലാണ്, അതിന് 50 വർഷത്തെ പഴക്കം മാത്രമേയുള്ളൂ. മറ്റൊരു ഡാം എന്നുപറയുന്നത് മുല്ലപ്പെരിയാർ ആണ്. 50 വർഷത്തേയ്ക്ക് ഉദ്ദേശിച്ച് പണിത ഈ ഡാം ഇന്ന് എത്ര വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു? ഇതിന്റെ സുരക്ഷിതത്വം സംബന്ധിച്ചുള്ള ആശങ്ക ഈ സഭയിൽ എത്രയോതവണ നമ്മൾ ചർച്ച ചെയ്തിട്ടുള്ളതാണ്. ആഗോളതലത്തിൽ തന്നെ മുല്ലപ്പെരിയാർ അപകടകമാണെന്ന് പഠന റിപ്പോർട്ടുകൾ പുറത്തുവരുമ്പോഴാണ് മുല്ലപ്പെരിയാറിൽ 142 അടി വെള്ളം സംഭരിച്ചാലും കുഴപ്പമില്ലായെന്ന് കേരളം സമ്മതിക്കുന്ന അപകടകരമായ സ്ഥിതി നിലനിൽക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗം കേട്ടപ്പോൾ അദ്ദേഹം തമിഴ്നാട് നിയമസഭയിൽ തമിഴ്നാട്ടിലെ ജലവിഭവ വകുപ്പുമന്ത്രി പറയുന്നതായിട്ടാണ് എനിക്ക് തോന്നിയത്. കേരളത്തിന്റെ

അവകാശങ്ങൾക്കുവേണ്ടി സംസാരിക്കേണ്ട മന്ത്രിയായി അദ്ദേഹം ഇനിയെങ്കിലും ഉയരുമെന്നാണ് ഞാൻ കരുതുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കാണ് ഞങ്ങൾ നോട്ടീസ് കൊടുത്തത്, അദ്ദേഹം മറുപടി പറഞ്ഞില്ല. 26-10-2021-ൽ കൂടിയ മുല്ലപ്പെരിയാർ മേൽനോട്ട സമിതിയുടെ മിനിട്സാണ് എന്റെ കയ്യിലുള്ളത്. അത് സെൻട്രൽ വാട്ടർ കമ്മീഷൻ ചെയർമാനും തമിഴ്നാട്ടും കേരളവും അംഗങ്ങളായിട്ടുള്ള സമിതിയാണ്. പ്രസ്തുത മിനിട്സിൽ എന്താണ് പറയുന്നത്? കേരളത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടിയായിരുന്നുവോ, റൂൾ കർവ് കൊടുത്തത് തമിഴ്നാടല്ലേ, കേരളം ഇക്കാര്യത്തിൽ എന്തെങ്കിലും ഹോം വർക്ക് ചെയ്തോ; ഡാറ്റ കളക്ട് ചെയ്തോ; കേരളത്തിന്റെ പ്രതിനിധിയുടെ കയ്യിൽ എന്തെങ്കിലും ആവശ്യമായ രേഖകൾ ഉണ്ടായിരുന്നുവോ? തർക്കിച്ച് സമയം കളയരുത്. മനുഷ്യന്റെ ജീവന്റെ പ്രശ്നമാണെന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതി ശാസിച്ചതിനുശേഷം കൂടിയ മേൽനോട്ട സമിതിയുടെ യോഗത്തിന്റെ മിനിട്സിൽ രേഖപ്പെടുത്തിയിരിക്കുന്നത്, 142 അടി വെള്ളം സംഭരിക്കാൻ മുല്ലപ്പെരിയാർ സുരക്ഷിതവും ശക്തവുമാണെന്നാണ്. കേരളവും തമിഴ്നാട്ടും അതിനോട് യോജിച്ചുവെന്നാണ് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ

മേൽനോട്ട സമിതി സമർപ്പിച്ച രേഖയിൽ പറയുന്നത്. ഞാൻ ആ മിനിട്സ് വായിക്കാം. “ The rule curve was finalised by CWC based upon study submitted by Tamil Nadu and shared with Government of Kerala. Upper rule levels respect to the dates are 20th October 137.75 ft, 31st October 138.00ft, 10th November 139.50ft, 20th November 141.00ft and 30th November 142.00 ft. A representative of Government of Kerala agreed with the above proposal.... എന്ത് താൽപ്പര്യമാണ് ജലവിഭവ വകുപ്പുമന്ത്രി കേരളം സംരക്ഷിച്ചത്? നിങ്ങൾ പറയുന്നു, A representative of Government of Kerala, agreed with the above but stressed upon to maintain the water level in the reservoir to 137ft. as of now in view of NE Monsoons. അങ്ങ് 2018-ലെ വെള്ളപ്പൊക്കത്തെക്കുറിച്ച് പറഞ്ഞല്ലോ, അന്ന് നമ്മൾ രണ്ടുപേരും കൂടി പറഞ്ഞ വാദങ്ങൾ അങ്ങ് പെട്ടെന്ന് മറന്നുപോയി, എനിക്ക് മറക്കാൻ കഴിയുകയില്ല. അന്ന് നമ്മൾ ഇടുക്കിയിൽ പറഞ്ഞ വാദങ്ങൾ അങ്ങ് ഇപ്പോൾ മറച്ചുവയ്ക്കുന്നു. അത് അങ്ങയുടെ രാഷ്ട്രീയ നിലപാടുകളുടെ ഭാഗമായി പറഞ്ഞതായിരിക്കാം. ഡാം

മാനേജ്മെന്റിലുണ്ടായ തകരാറുകൊണ്ടാണ് 2018-ൽ കേരളത്തിൽ വെള്ളപ്പൊക്കമുണ്ടായതെന്ന കാര്യത്തിൽ ഞങ്ങൾ ഇപ്പോഴും ഉറച്ചു നിൽക്കുകയാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി ഞങ്ങൾ പറഞ്ഞ കാര്യങ്ങൾ അംഗീകരിക്കുകയാണുണ്ടായത്. ഇക്കാര്യത്തിൽ കേരളത്തിന്റെ നിലപാട് എന്താണ്? ആ യോഗത്തിൽ കേരളത്തെ പ്രതിനിധീകരിച്ച ഉദ്യോഗസ്ഥന്റെ കയ്യിൽ എന്തുകൊണ്ട് രേഖകൾ ഉണ്ടായിരുന്നില്ല. 136 അടി വെള്ളം സംഭരിക്കാവൂയെന്ന നിലപാടുമായിട്ടാണ് കേരളം വർഷങ്ങളായി കോടതിയിൽ പോരാടുന്നത്. അപ്പോഴാണ് 142 അടി വെള്ളം സംഭരിക്കാനുള്ള ബലമുണ്ടെന്ന് കേരളം തന്നെ മേൽനോട്ട സമിതിയിൽ പറയുന്നത്. ഈ മിനിട്സിന്റെ അടിസ്ഥാനത്തിലാണ് തമിഴ്നാട് തയ്യാറാക്കിയ റൂൾ കർവ് സുപ്രീം കോടതി അംഗീകരിച്ചത്. 139.5 അടി വെള്ളം ശേഖരിക്കാൻ സുപ്രീംകോടതി അനുവദിച്ചതും കേരളത്തിന്റെ നിലപാടുകൂടി കണക്കിലെടുത്തുകൊണ്ടാണ് എന്നത് ഗൗരവപൂർവ്വം നമ്മൾ കാണേണ്ട കാര്യമാണ്. മുല്ലപ്പെരിയാറിന് ബലക്ഷയം ഉണ്ടെന്നും കുഴപ്പത്തിലാണെന്നും ലോക ഏജൻസികൾ തന്നെ പറയുന്നു. യു.എൻ. യൂണിവേഴ്സിറ്റി മാത്രമല്ല, ഐ.ഐ.ടി. ഡൽഹി, റൂർക്കി ഐ.ഐ.ടി.

തുടങ്ങിയവരെല്ലാം നടത്തിയ പഠനത്തിൽ ബലക്ഷയം ഉണ്ടെന്ന കണ്ടെത്തലല്ലേ ഉള്ളത്. അപ്പോഴാണ് മുഖ്യമന്ത്രി പറയുന്നത് ഒരു കുഴപ്പവുമില്ല, ഒരു ആശങ്കയും വേണ്ടായെന്ന്. കേരളത്തിലെ ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കപ്പെട്ടോയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ ചോദിക്കുന്നു. കേരളത്തിലെ ജനങ്ങൾക്ക് ആശങ്കകളില്ലേ, മുല്ലപ്പെരിയാർ ഡാമുമായി ബന്ധപ്പെട്ട് കേരളത്തിൽ മുപ്പത്തഞ്ച് ലക്ഷത്തോളം ജനങ്ങളുടെ ആശങ്കകൾ കണ്ടില്ലെന്ന് നടിക്കാനാകുമോ? 139.5 അടിയായി ജലനിരപ്പ് നിശ്ചയിച്ച് കോടതിയുടെ ഉത്തരവ് വന്നപ്പോൾ ജലവിഭവ വകുപ്പുമന്ത്രി എങ്ങനെ സ്വാഗതം ചെയ്യും, എങ്ങനെയാണ് ശ്രീ. റോഷി അഗസ്റ്റിൻ സ്വാഗതം ചെയ്തത്? അതുകൊണ്ടാണ് ഈ ഗവൺമെന്റിന് മുല്ലപ്പെരിയാറിന്റെ കാര്യത്തിൽ ഒരു നയമില്ല എന്ന് ഞാൻ പറഞ്ഞത്. നിങ്ങൾക്ക് ഒരു നിലപാടില്ല, ശ്രീ. മോൻസ് ജോസഫ് ഇവിടെയുണ്ട്, അദ്ദേഹം പെറ്റീഷൻസ് കമ്മിറ്റിയുടെ ചെയർമാനായിരുന്നു. ആദ്യമായിട്ട് മുല്ലപ്പെരിയാർ വിഷയത്തിൽ അവർ സമർപ്പിച്ച റിപ്പോർട്ട് എന്റെ കയ്യിൽ ഉണ്ട്. 136 അടിയിൽ നിർത്തണമെന്നാവശ്യപ്പെട്ട് ഈ സഭ മൂന്ന് തവണ പ്രമേയം പാസ്സാക്കി. അങ്ങ് പറഞ്ഞു, കോടതി പറഞ്ഞു 142

അടിയാക്കണമെന്ന്. അതിനെതിരെയാണ് നമ്മുടെ പോരാട്ടം. നമ്മൾ കോടതിയിൽ പറയണം, കാരണം ഇപ്പോൾ അതിവൃഷ്ടി, പ്രളയം, തുടർച്ചയായുണ്ടാകുന്ന ഭൂചലനങ്ങൾ ഇതല്ലാം കാരണം 142 അടിയിലെത്താൻ കഴിയുകയില്ലെന്നുള്ള നിലപാടിൽ ഉറച്ചുനിൽക്കുകയാണ് വേണ്ടത്, അത് കോടതിയെ ബോധ്യപ്പെടുത്തുകയാണ് വേണ്ടത്, അല്ലാതെ 139.5 ആക്കിയപ്പോൾ അങ്ങ് അതിനെ സ്വാഗതം ചെയ്തത് കേരളത്തിന്റെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായിരുന്നു ശ്രീ. റോഷി അഗസ്റ്റിൻ. അങ്ങ് സ്വാഗതം ചെയ്യാൻ പാടില്ലായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആദ്യം മുഖ്യമന്ത്രിയായി ചാർജ്ജെടുത്തപ്പോൾ അദ്ദേഹം ഡൽഹിയിൽ വച്ച് പറഞ്ഞു, മുല്ലപ്പെരിയാറിന് ഒരു സുരക്ഷാ ഭീഷണിയുമില്ല എന്ന്. അന്ന് വളരെയേറെ വിമർശനമുണ്ടായ വാചകമാണത്. അതേ തുടർന്നാണ് കഴിഞ്ഞദിവസം മുഖ്യമന്ത്രി ആശങ്കകൾ വേണ്ടായെന്നു പറഞ്ഞത്. 139.5 അടിയായി നിജപ്പെടുത്തിയപ്പോൾ അങ്ങ് എന്തിന് സ്വാഗതം ചെയ്തു. അപ്പോൾ ഇതെല്ലാം കൂടി ചേർത്ത് വായിച്ചാൽ കേരളത്തിലെ ഗവൺമെന്റ് മുല്ലപ്പെരിയാർ വിഷയത്തിൽ അവധാനതയില്ലാതെ പെരുമാറി, നിങ്ങൾ തെറ്റായ നയം സ്വീകരിക്കുന്നു. നിങ്ങൾ ഇതുപര്യന്തം സർ സി.പി.

രാമസ്വാമി അയ്യർ മുതൽ ശ്രീ. ഉമ്മൻ ചാണ്ടി വരെയുള്ള ഗവൺമെന്റുകളുടെ കാലത്തെടുത്തതിന് വിരുദ്ധമായ നിലപാട് സ്വീകരിക്കുന്നുവെന്നാണ് ഇവിടെ കാണാൻ കഴിയുന്നത്. മുല്ലപ്പെരിയാറിന് ഭീഷണിയില്ലെങ്കിൽ പിന്നെ എന്തിനാണ് പുതിയ ഡാം? മുല്ലപ്പെരിയാറിൽ ആശങ്കയില്ലെങ്കിൽ എന്തിനാണ് പുതിയ ഡാം? പുതിയ ഡാം വരേണ്ടത് നമ്മുടെ നാടിന് അനിവാര്യമായ ഒരു ആവശ്യമാണ്. മുല്ലപ്പെരിയാറിലെ ജലനിരപ്പ് 136 അടി പോലും ആകരുത് 120 അടി വേണമെന്ന് പറഞ്ഞ് മനുഷ്യച്ചങ്ങല പിടിച്ച സി.പി.ഐ.(എം.)-ന്റെ നേതാക്കന്മാരോട് ഞാൻ ചോദിക്കുന്നു, നിങ്ങൾ എവിടെ നിൽക്കുന്നു? ഡാം മുതൽ കടൽ വരെയെന്ന മുദ്രാവാക്യം മുഴക്കി മുഖ്യമന്ത്രിയടക്കം മനുഷ്യച്ചങ്ങല പിടിച്ചത് 120 അടിക്കുവേണ്ടിയായിരുന്നു. ഇപ്പോൾ 139.5 അടിയായപ്പോൾ നിങ്ങൾ ആഹ്ളാദം കൊള്ളുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണ്? ഇടുക്കിയിലെ ജനങ്ങൾ ഇപ്പോൾ രണ്ട് ഭീഷണിയിലാണ്, അതിൽ ഒന്നാമത്തേത് മുല്ലപ്പെരിയാർ ഉയർത്തുന്ന ഭീഷണിയാണ്, രണ്ടാമത്തേത് മുല്ലപ്പെരിയാർ അപകടത്തെക്കുറിച്ച് മിണ്ടിയാൽ നടപടിയെടുക്കുമെന്നുള്ള മുഖ്യമന്ത്രിയുടെ ഭീഷണിയാണ്. മുല്ലപ്പെരിയാർ അണക്കെട്ടിൽ 142 ഘന അടി വെള്ളം സംഭരിക്കാമെന്ന്

സുപ്രീംകോടി വിധി ഉണ്ടായ കാര്യം ഞാൻ അംഗീകരിക്കുന്നു. പക്ഷേ അവിടെ സുപ്രധാനമായ കാര്യംകൂടി ഉണ്ടായി, അത് മേൽനോട്ട സമിതിയാണ്. ഈ വിഷയത്തിൽ മേൽനോട്ട സമിതി രൂപീകരിക്കപ്പെട്ടത് കേരളത്തിന്റെ വിജയമാണ്. ചരിത്രത്തിൽ ആദ്യമായാണ് മുല്ലപ്പെരിയാർ അണക്കെട്ടിന്റെ പ്രവർത്തനത്തിൽ കേരളത്തിന് പങ്കാളിത്തമുണ്ടാകുന്നത്. മേൽനോട്ട സമിതിയുടെ ചെയർമാൻ കേന്ദ്ര ജല കമ്മീഷനും കേരള - തമിഴ്നാട് അതിലെ പ്രതിനിധികളുമാണ്. ഞാൻ ചോദിക്കട്ടേ, ഈ മേൽനോട്ടസമിതിയിൽ നിങ്ങൾ എന്തെങ്കിലും ഫലപ്രദമായ നടപടികൾ സ്വീകരിച്ചോ; വർഷത്തിൽ ഒരിക്കലല്ലേ നിങ്ങൾ യോഗം ചേരുന്നത്; ഇടക്കിടയ്ക്ക് യോഗം ചേരുമെന്ന് പറഞ്ഞ നിങ്ങൾ എത്രതവണ യോഗം ചേർന്നു, ആ യോഗത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; നിങ്ങൾ എന്തെല്ലാം ഡാറ്റകൾ ശേഖരിച്ചു; അവിടെ നിങ്ങൾ ഓഫീസ് തുടങ്ങിയോ, ജീവനക്കാരെ വച്ചോ; ഓഫീസ് പ്രവർത്തനം ആരംഭിച്ചോ? ഞാൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന കാലത്താണ് ആദ്യമായി മുല്ലപ്പെരിയാറിൽ ഒരു ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ പോലീസ് സ്റ്റേഷൻ ആരംഭിച്ചത്. നേരത്തേ നമുക്ക് അങ്ങോട്ട് കയറണമെങ്കിൽ

തമിഴ്നാടിന്റെ അനുവാദം വേണമായിരുന്നു. ആ സാഹചര്യം മാറ്റിയത് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. ഇപ്പോഴും തമിഴ്നാടിന്റെ അനുവാദമില്ലാതെ ഡാമിലേയ്ക്ക് കടക്കാൻ കഴിയില്ല. ഇടുക്കി എം.പി.യായ ഡീൻ കുര്യാക്കോസിനെ തടഞ്ഞ സംഭവവുമുണ്ടായി. മുല്ലപ്പെരിയാർ സംബന്ധിച്ച എല്ലാ ഡാറ്റയും മേൽനോട്ട സമിതി അംഗമെന്ന നിലയ്ക്ക് നമുക്കും കിട്ടും. പക്ഷേ അത് നിങ്ങൾ വാങ്ങിയിട്ടുണ്ടോ? പകരം നിങ്ങൾ മുഖവിലയ്ക്കെടുത്തത് തമിഴ്നാട് പറയുന്ന കണക്ക് മാത്രമായിരുന്നു. ബഹു. സുപ്രീംകോടതി വിധി വന്നശേഷം എല്ലാം അവസാനിച്ചുവെന്ന നിലയിലാണ് നിങ്ങൾ പെരുമാറുന്നത്. കഴിഞ്ഞ ഏതാനും വർഷങ്ങളായി തുടർച്ചയായി ഉണ്ടാകുന്ന പ്രകൃതിക്ഷോഭം, ഉരുൾപൊട്ടൽ, കാലാവസ്ഥയിൽ ഉണ്ടായിരിക്കുന്ന വമ്പിച്ച മാറ്റം മുതലായവ 2018 -ലെ മഹാപ്രളയം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ തുടങ്ങിയ പ്രശ്നങ്ങളുടെ പശ്ചാത്തലത്തിൽ ബഹു. സുപ്രീം കോടതിയെ ബോധ്യപ്പെടുത്തിക്കൊണ്ട് വിധിയിൽ മാറ്റം വരുത്താൻ എന്തൊക്കെ നടപടികളാണ് ഗവണമെന്റ് സ്വീകരിച്ചത്? ബഹു.സുപ്രീകോടതി ഈ വിഷയം പരിഗണയ്ക്കെടുത്തപ്പോൾ കേരള സർക്കാർ എന്തുകൊണ്ട് പരാതിപ്പെട്ടില്ല. പരിസ്ഥിതി പ്രവർത്തകർ

സ്വമേധയാ കോടതിയിൽ പോയതാണ്, സുരക്ഷാ പബ്ലിക് ചാരിറ്റി ട്രസ്റ്റും ഡോ. ജോ. ജോസഫുമാണ് കോടതിയിൽ പോയത്. അപ്പോഴാണ് മനുഷ്യന്റെ ജീവന്റെ വിലയാണ് ഏറ്റവും പ്രധാമെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞത്. മുല്ലപ്പെരിയാറിന്റെ കാര്യങ്ങൾ സൂക്ഷ്മമായി പഠിച്ച് വിശകലനം ചെയ്ത മുല്ലപ്പെരിയാർ സെൽ, ശ്രീ. റോഷി അഗസ്റ്റിൻ, നിങ്ങൾ എന്തിനാണ് പിരിച്ചുവിട്ടത്; ശ്രീ. പരമേശ്വരൻ നായരുടെ നേതൃത്വത്തിലുണ്ടായിരുന്ന സെല്ലിന്റെ പ്രവർത്തനം നിർത്തിയത് എന്തിനാണ്? കർണ്ണാടകവും തമിഴ്നാടും കാവേരി ജലത്തിനുവേണ്ടി നടത്തുന്നപോരാട്ടങ്ങൾ അങ്ങേയ്ക്കും അറിയാവുന്നതാണ്, പാർലമെന്റിൽ എപ്പോഴും ശബ്ദകോലാഹലങ്ങൾ ഉണ്ടാകുന്ന കാര്യമാണ്. ഈ രണ്ട് സംസ്ഥാനങ്ങളും അവിടെ ചെയ്യുന്ന ഫലപ്രദമായ കാര്യങ്ങൾ കണ്ടെങ്കിലും പഠിക്കാൻ എന്തുകൊണ്ടാണ് കേരളം തയ്യാറാകാതിരുന്നത്? കഴിഞ്ഞ 7 വർഷമായി മുല്ലപ്പെരിയാർ വിഷയത്തിൽ സംസ്ഥാനസർക്കാർ എന്തുചെയ്തുവെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇവിടെ വ്യക്തമാക്കണം. അതോടൊപ്പംതന്നെ അപകടകരമായ സൂചനയാണ് ഇപ്പോൾ വന്നുകൊണ്ടിരിക്കുന്നത്. ഈ അപകടകരമായ സൂചനകളെ കണ്ടില്ലെന്ന്

നടിച്ചുകൊണ്ട് കാര്യങ്ങൾ യഥാസമയം ചെയ്യാതെ സംസ്ഥാന താത്പര്യങ്ങൾ ഹനിച്ചുകൊണ്ടുള്ള നടപടിയാണ് നമ്മൾ ഇവിടെ കണ്ടത്. സംസ്ഥാനത്തിന്റെ താത്പര്യങ്ങൾ ഉയർത്തിപ്പിടിക്കാനും തമിഴ്നാടുമായി നമ്മുടെ കാര്യങ്ങൾ പറയാനും എന്തുകൊണ്ട് നമുക്ക് സാധിക്കുന്നില്ല? തമിഴ്നാടുമായി ഏറ്റുമുട്ടലിന് പോകണമെന്ന് ഞങ്ങളാരും പറയുന്നില്ല. ഞങ്ങളുടെ ആഗ്രഹവും അതല്ല. ഇന്ത്യയിൽ ഇതിനുമുമ്പും തർക്കമുണ്ടാകുന്ന സന്ദർഭങ്ങളിൽ സമവായത്തിലൂടെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. 1958 -ൽ പറമ്പിക്കുളം - ആളിയാർ കരാർ തത്വത്തിൽ അംഗീകരിക്കുന്നതിനായി ഇം.എം.എസ്.-ഉം കാമരാജും ഒരുമിച്ചിരുന്ന് നെഹ്റുവിന്റെ നിർദ്ദേശപ്രകാരം ചർച്ച നടത്തിയിട്ടുണ്ട്. അതോടൊപ്പംതന്നെ 1960 -ൽ പട്ടം താണുപ്പിള്ളയും സി. സുബ്രഹ്മണ്യവും ചർച്ച നടത്തിയിട്ടുണ്ട്. 1969 -ൽ കരുണാനിധിയും ഇ.എം.എസും. തമ്മിൽ ചർച്ച നടത്തിയിട്ടുണ്ട്. തമിഴ്നാടുമായി ചർച്ചകളിലൂടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയാണ് വേണ്ടത്. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയനുസരിച്ച് ഒരു കാരണവശാലും കേരളത്തിനുമാത്രമായി ഡാം നിർമ്മിക്കാൻ കഴിയില്ല. കോടതി വിധിയിൽ ഇങ്ങനെ പറയുന്നു. " In the view of the above

matter, for the construction of a new dam, there has to be agreement of both the parties. The offer made by Kerala cannot be thrust upon Tamilnadu." തമിഴ്നാടിന്റെ കൂടി അനുവാദമില്ലാതെ പുതിയ ഡാം നിർമ്മിക്കാൻ കഴിയില്ല. നമ്മൾ എത്ര രൂപരേഖ തയ്യാറാക്കിയതാണ്, ടി. എം. ജേക്കബ് രൂപരേഖ തയ്യാറാക്കിയിരുന്നു. അങ്ങനെ ചെയ്താലും ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ വെളിച്ചത്തിൽ തമിഴ്നാടിന്റെ അംഗീകാരവും അനുവാദവുമുണ്ടെങ്കിൽ മാത്രമേ അങ്ങനെ ചെയ്യാൻ കഴിയുകയുള്ളൂ. തമിഴ്നാട് സർക്കാരിനെക്കൂടി വിശ്വസത്തിലെടുത്തുകൊണ്ട് മുല്ലപ്പെരിയാറിൽ ഒരു ആധുനിക അണക്കെട്ട് എത്രയും വേഗം നിർമ്മിച്ച് ഒരു ശാശ്വതപരിഹാരം കണ്ടെത്തുക എന്നുള്ളതാണ് ആവശ്യം. അതിനുമുൻകൈയ്യെടുക്കേണ്ടത് കേരളമാണ്. അതിനായി നാം കേന്ദ്രഗവൺമെന്റിനെ സമീപിക്കണം. ഇതിനായി ഒരു രാഷ്ട്രീയ പരിഹാരംകൂടി വേണം. കേന്ദ്രഗവണമെന്റിന്റെ സഹായംകൂടി ഇതിനാവശ്യമാണ്. രണ്ട് സംസ്ഥാനങ്ങളെയും ഒരുമിച്ച് ഇരുത്തണം. രണ്ട് സംസ്ഥാനത്തിന്റെയും മുഖ്യമന്ത്രിമാരെയും ഒരുമിച്ചിരുത്തണം. അങ്ങനെ പ്രശ്നത്തിന് പരിഹാരം കാണണം. തന്നെയുമല്ല, ഈ അണക്കെട്ടിന്റെ

കാര്യത്തിൽ രണ്ടുപേർക്കും ഉത്തരവാദിത്വം ഉണ്ടാകണം. എങ്കിൽമാത്രമേ പുതിയ അണക്കെട്ട് ഉണ്ടാകുകയുള്ളൂ. ഇതിനായി ഒരു സമവായം രൂപപ്പെടുത്തുന്നതിനായി കേരളത്തിലെയും തമിഴ്നാട്ടിലെയും സർവ്വകക്ഷി സംഘങ്ങൾ ഒരുമിച്ച് ചർച്ച നടത്തണം. ഇത് എന്റെ ഒരു പുതിയ നിർദ്ദേശമാണ്. പരസ്പര വിശ്വാസം ഉറപ്പുവരുത്തണം. പുതിയ അണക്കെട്ട് എന്ന ആശയം ഉൾക്കൊള്ളാൻ അവർക്ക് രാഷ്ട്രീയ പരിമിതികളുണ്ടാകും. ആ പതിമിതികൾ മറികടക്കാനാണ് ഇരുസംസ്ഥാനങ്ങളുടെയും സർവ്വകക്ഷി യോഗം എന്ന ആശയം ഞാൻ മുമ്പോട്ടുവയ്ക്കുന്നത്. അല്ലാത്തപക്ഷം വിഷയങ്ങളെ വൈകാരികമായി സമീപിക്കുന്ന തമിഴ്നാട് ജനതയെ ചില രാഷ്ട്രീയ കക്ഷികൾ സ്വാർത്ഥലാഭത്തിനുവേണ്ടി ദുരുപയോഗപ്പെടുത്തും. ഇരുസംസ്ഥാനങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ വഷളാകുകയും ചെയ്യാൻ ഇടയാകും. ഒരു ശാശ്വതപരിഹാരം സംയുക്തമായി നമുക്ക് രാഷ്ട്രീയാടിസ്ഥാനത്തിൽ രൂപപ്പെടുത്തേണ്ടതായിട്ടുണ്ട്. എനിക്ക് ബഹുമാനപ്പെട്ട അങ്ങയിലൂടെ ഈ ഗവൺമെന്റിനോട് പറയാനുള്ളത് ഈ കാര്യത്തിൽ നിങ്ങളെടുത്തിരിക്കുന്ന സമീപനം തെറ്റാണ്, നിങ്ങൾ കേരളത്തിലെ ജനങ്ങളുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നില്ല. മുല്ലപ്പെരിയാർ

വിഷയത്തെ ലാഘവത്തോടെ നിങ്ങൾ കാണുന്നു. സുപ്രീംകോടതി വിധി വന്നശേഷം കഴിഞ്ഞ 7 വർഷം നിങ്ങൾ ഉറങ്ങുകയായിരുന്നു. ഈ കാര്യത്തിൽ ഒരു നടപടിയും സ്വീകരിച്ചില്ല. അതുകൊണ്ടാണ് ജനങ്ങൾ ആശങ്ക പ്രകടിപ്പിക്കുന്നത്. സംസ്ഥാന താത്പര്യം സംരക്ഷിക്കാൻ കഴിയാത്തതുകൊണ്ടാണ് ഈ കാര്യം സഭ ചർച്ച ചെയ്ത് ഒരു പരിഹാരം കണ്ടെത്തണമെന്ന് ഞാൻ അങ്ങയിലൂടെ സർക്കാരിനോട് ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷ നേതാവും അടിയന്തര പ്രമേയാവതാരകനുമായ ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച വിഷയം പരിശോധിക്കുമ്പോൾ പറയാനുള്ളത്, അതുസംബന്ധിച്ച വസ്തുതകളെ വളച്ചൊടിക്കാൻ പാടില്ലെന്നാണ്. ഈ വിഷയത്തിൽ എന്റെ നിലപാടിനെ അദ്ദേഹം ചോദ്യംചെയ്തു എന്നുള്ളതാണ് പ്രത്യേകിച്ച് ആദ്യമേതന്നെ സൂചിപ്പിക്കാനുള്ളത്. 2018 -ൽ ഞാൻ പറഞ്ഞത് എന്താണോ അത് അങ്ങ് കേൾക്കുകയും മറുപടി പറയുകയും ചെയ്തു. ഇടുക്കി ഡാമിന്റെ ഓപ്പറേഷനിൽ പരസ്പര ആലോചനയും തീരുമാനവും കൈക്കൊണ്ടിട്ടുണ്ട് എന്നുതന്നെയാണ്

ഞാൻ പറഞ്ഞത്. എന്നോട് വിളിച്ചുചോദിക്കുമ്പോഴും ഞാൻ അതുതന്നെയാണ് പറഞ്ഞത്. തീർച്ചയായും അന്നത്തെ പ്രതിപക്ഷനേതാവെന്ന രീതിയിൽ ഇടുക്കി ഡാമിന്റെ ഓപ്പറേഷനെക്കുറിച്ച് അഭിപ്രായവ്യത്യാസം പറഞ്ഞതായി ഞാനും കേട്ടിട്ടില്ല. അവിടെയുണ്ടായിരുന്ന സ്ഥിതിഗതികൾ ആലോചിച്ചുവെന്നത് എനിക്ക് നല്ല ബോധ്യമുണ്ട്, അന്ന് വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം മണി ആയിരുന്നു. ഞങ്ങളുടെ നാട്ടിലെ ഒരു പ്രശ്നമല്ലേ, അന്ന് ഞാൻ പ്രതിപക്ഷ എം.എൽ.എ ആണെങ്കിലും അക്കാര്യങ്ങൾ മോണിട്ടർ ചെയ്യുകയും, താഴേക്കുള്ള എല്ലാ പഞ്ചായത്തുകളിലും യോഗം നടത്തുകയും ആളുകളെ മാറ്റിപ്പാർപ്പിക്കാൻ സൗകര്യമൊരുക്കുകയും ചെയ്തത് ഞാൻതന്നെയാണ്. അവിടെ യാതൊരുതരത്തിലും യു.ഡി.എഫ്/ എൽ.ഡി.എഫ്. എന്ന തരത്തിലുള്ള പോരാട്ടം ഞാൻ കണ്ടിട്ടില്ല. ആ വസ്തുത ആദ്യമേതന്നെ മനസിലാക്കണം. അല്ലാതെ ഒരു സ്റ്റേറ്റ്മെന്റും ഉണ്ടായിട്ടില്ല, എതിരായിപ്പറഞ്ഞതായുള്ള കാര്യം എവിടെയെങ്കിലും ഹാജരാക്കാമെങ്കിൽ ഞാൻ പരസ്യമായി മാപ്പ് പറയാം. 2018 -ലെ എന്റെ നിലപാട് അതുതന്നെയാണ്. പ്രതിപക്ഷനേതാവായിരുന്ന താങ്കളും അങ്ങനെ

എതിർത്ത് പറഞ്ഞിട്ടുണ്ടെന്ന് ഞാൻ പറയില്ല, അങ്ങനെയുണ്ടെങ്കിൽ പറയട്ടേ.. ആ നിലപാട്, ഒരു പ്രകൃതി ദുരന്തത്തിന്റെ പശ്ചാത്തലത്തിലും നമ്മുടെ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിലും നമ്മൾ എടുക്കേണ്ട സമീപനംതന്നെയാണ്. ഇടുക്കി ഡാം തുറന്നുവിട്ടതുമുഖാന്തരം എവിടെയെങ്കിലും ഒരു അപകടം ഉണ്ടായതായി കാണിക്കാമോ? പക്ഷേ ഇടുക്കിയിൽ ഉരുൾപൊട്ടലും മണ്ണിണിച്ചിലുമുണ്ടായതിൽ നൂറുകണക്കിന് ആളുകൾ മരണപ്പെട്ടു. രക്ഷാപ്രവർത്തനം സാധ്യമാകാതെവന്നു, ആ കണ്ണുനീരും വിഷമവുമെല്ലാം നേരിട്ടുകണ്ടയാളാണ് ഞാൻ. ഈ സഭയിൽ വരുമെന്ന് ഞാൻ പ്രതീക്ഷിച്ചിട്ടില്ല, പത്രപ്രവർത്തകരെല്ലാം പോയി, ഞാനാണ് തൊടുപുഴ ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ കമ്പം - തേനിവഴി തിരുവനന്തപുരത്തേയ്ക്ക് പറഞ്ഞയച്ചത്. പോലീസിനും പട്ടാളത്തിനുപോലും ആക്ട് ചെയ്യാൻ പറ്റാതെവന്നു. സർവ്വശക്തന്റ കൃപകൊണ്ട് ജീവിക്കുന്നവരാണ് ആ കാലഘട്ടത്തിൽ ഇടുക്കിയിൽ ഉണ്ടായിരുന്നതെന്ന് ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുകയാണ്. ഇതൊന്നും ഡാം ഓപ്പറേഷന്റെ പാളിച്ചയല്ല. ഇന്ന് എന്താണ് അവിടുത്തെ സ്ഥിതി? ഇപ്പറഞ്ഞ മേൽനോട്ട സമിതിയിലെ കാര്യങ്ങൾ കേരളം

അറിഞ്ഞില്ലെന്ന് പറഞ്ഞത് ഏത് രേഖയുടെ പശ്ചാത്തലത്തിലാണെന്ന് എനിക്ക് മനസിലായില്ല. മേൽനോട്ടസമിതിയുടെ മിനുട്സിൽ വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ടോ, ഇല്ലയോ എന്ന് ഒന്നന്വേഷിക്കണ്ടേ? ആ വിയോജിപ്പ് പരിഹരിക്കാൻതക്കവിധം ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ വാദമുയർത്തിയില്ലേ; നവംബർ മാസം 11-ാം തീയിതി കേരളത്തിന്റെ വാദം കേൾക്കാമെന്ന് കോടതി പറഞ്ഞത് പിന്നെ എന്തിനാണ്; നമ്മുടെ അപേക്ഷ തള്ളിയാൽപ്പോരായിരുന്നോ? കോടതിയിലും മേൽനോട്ട സമിതിയിലും കേരളത്തിന്റെ വിയോജിപ്പ് പരിഗണിച്ചതുകൊണ്ടല്ലേ നവംബർ മാസം 15-ാം തീയിതിക്കുശേഷം പ്രസ്തുത വാദം കേൾക്കാൻ തയ്യാറാണെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞത്. ഞങ്ങളുടെ വാദത്തിന് പ്രസക്തിയില്ലെങ്കിൽ അങ്ങനെ പറയേണ്ടതുണ്ടോ? അതുകൊണ്ട് ഇക്കാര്യങ്ങളിലെ സമീപനത്തിൽ ഒരു അയഞ്ഞ നിലപാടുണ്ടാകണം. 2014-ലും 2011-ലും സ്ഥിതി എന്തായിരുന്നു. ആ രണ്ടുവർഷക്കാലവും നമുക്ക് കൂട്ടുത്തരവാദിത്തം ഉണ്ടായിരുന്നല്ലോ? 2017-ൽ റിവ്യൂ പെറ്റീഷൻ കൊടുത്തിരുന്നല്ലോ? ആ റിവ്യൂ പെറ്റീഷൻ കോടതി അംഗീകരിച്ചോ? സുപ്രീംകോടതിയുടെ വിധിയെ പരസ്യമായി ഇങ്ങനെ

സഭയ്ക്കകത്ത് വന്ന് ചോദ്യം ചെയ്യുന്നത്.... സുപ്രീംകോടതിയുടെ വിധിയെ നമുക്ക് പുറത്ത് ചോദ്യം ചെയ്യാൻ കഴിയുമോ; അതുകൊണ്ടുതന്നെ നമുക്ക് തർക്കമില്ല. പക്ഷെ നമ്മൾ അവസാനം പറഞ്ഞകാര്യത്തിന് പൊതുവായൊരു തീരുമാനമുണ്ടാകണം, ഒരുമിച്ച് നിൽക്കണം ഒരു ഡാം ഉണ്ടാക്കണം അക്കാര്യത്തിന് ഒരു വ്യത്യാസവുമില്ല. അത്തരം കാര്യങ്ങളെ തെറ്റായി കാണരുത്. മോണിറ്ററിംഗ് സമിതിയിൽ മുല്ലപ്പെരിയാർ സംബന്ധിച്ച എല്ലാ വിവരങ്ങളും പ്രതിദിനം നമ്മൾ അറിയിച്ചുക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ 28-ാം തീയതി രാവിലെ 7 മണിക്കാണ് ഡാം തുറന്ന് ആദ്യമായി വെള്ളം പുറത്തേയ്ക്ക് വിട്ടത്. ഞാൻ ചോദിക്കുന്നൊരു ചോദ്യം, 2014-ന ശേഷം മുല്ലപ്പെരിയാറിൽനിന്ന് ജലം ഒഴുക്കിയപ്പോൾ എന്നാണ് തമിഴ്നാട് നമുക്ക് അറിയിപ്പ് തന്നത്? 2018-ൽ എന്തായിരുന്ന സ്ഥിതി? ഒരു സുപ്രഭാതത്തിൽ അവർ ആശങ്കപ്പെട്ടുപോയി. അവർക്ക് എടുക്കാവുന്നതിന്റെ പരമാവധി വെള്ളം അവർ എടുത്തു. അവർ കുറെ വെള്ളമൊഴുക്കി. പക്ഷെ വെള്ളപ്പൊക്കത്തെ നിയന്ത്രിക്കാൻ അവർക്ക് കഴിഞ്ഞില്ല. അവർ 13 ഷട്ടറും ഉയർത്തി. ചെറിയ തോതിലല്ല, വലിയതോതിലാണ് ഉയർത്തിയത്. ആ വെള്ളം മുഴുവനും ഒഴുകിവന്ന്

ഇടുക്കി ഡാമിൽ നിറഞ്ഞു. 2403 ഫീറ്റ് വരെയാണ് മാക്സിമം. 2402 ഫീറ്റിലേയ്ക്ക് വാട്ടർ ലെവൽ അടുത്തപ്പോൾ ആലുവ -എറണാകുളം ഭാഗത്തുനിന്നുണ്ടായ വിളികൾ, വെള്ളപ്പൊക്കം, നമ്മൾ കണ്ടതല്ലേ ദുരന്തം. ഇപ്പോഴത്തെ സ്ഥിതി എന്താണ്? തമിഴ്നാട് ചെയ്യുന്ന ഓപ്പറേഷൻ കേരളത്തെ അറിയിച്ചു തുടങ്ങിയിരിക്കുന്നു എന്നതിൽനിന്നും നാം മനസ്സിലാക്കേണ്ടത് കേരളത്തിന്റെ ഇടപെടൽ വളരെ ശക്തമാണെന്നാണ്. ഇക്കാര്യം നമ്മൾ അറിയണം. ഇപ്പോൾ ഒരുതുള്ളി വെള്ളം മുല്ലപ്പെരിയാറിൽനിന്ന് സ്പിൽ ചെയ്താൽ നമ്മളെ അറിയിക്കും. 24 മണിക്കൂർ മുമ്പ് അറിയിക്കണമെന്ന് പറഞ്ഞു, അതുപ്രകാരം അറിയിച്ചു. അങ്ങനെ 28-ാം തീയതി രാവിലെ 7 മണിക്ക് 500 ഘന അടി വെള്ളമാണ് ഒഴുക്കിവിട്ടത്. അപ്പോൾ ഒഴുക്കിവിട്ട വെള്ളം റൂൾ കർവിലേക്ക് വരാൻ സാധ്യതയില്ലാത്തതിനാൽ കേരളത്തിലേക്കുള്ള ഒഴുക്കിന്റെ വേഗത വർദ്ധിപ്പിക്കണമെന്ന് മേൽനോട്ട സമിതിയിൽ നമ്മുടെ അംഗമായ അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ വൈകിട്ട് വീണ്ടും 275 ഘന അടി വെള്ളംകൂടി ഒഴുക്കിവിട്ടു. അതുകൊണ്ടും ഒന്നുമാകാതിരുന്നപ്പോൾ പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്

വീണ്ടും തമിഴ്നാടിന് കത്ത് കൊടുത്തു. 29-ാം രാവിലെ 11 മണിയായപ്പോൾ വീണ്ടും കൂടുതൽ വെള്ളം ഒഴുക്കിവിടാൻ അവർ തയ്യാറായി, 650 ഘന അടി വെള്ളംകൂടി ഒഴുക്കിവിട്ടു. ഇത്രയും വെള്ളം ഒഴുക്കിവിട്ടാലും 138 അടി എത്തില്ല എന്നതിനാൽ വീണ്ടും കത്ത് കൊടുത്തു. അന്ന് വൈകിട്ട് 6 മണിക്ക് 1299 ഘന അടി വെള്ളംകൂടി ഒഴുക്കി വിടാമെന്ന് അവർ സമ്മതിച്ചു. ഞാനും ആ സംഭവസ്ഥലത്തുണ്ടായിരുന്നു. വൈകിട്ട് 6 മണിക്ക് ശേഷം വെള്ളം ഒഴുക്കാൻ പാടില്ല, 4 മണിക്കുമുമ്പായി ജലം ഒഴുക്കണമെന്ന് ഞാൻ പറഞ്ഞു. രാത്രി ജലം ഒഴുക്കിയാൽ അപകടമുണ്ടാകില്ലായെന്ന് നിശ്ചയമുണ്ടെങ്കിലും അത് തെറ്റായൊരു മെസ്സേജ് ആകുമെന്നതിനാൽ ആവശ്യപ്പെട്ടുപ്രകാരം അവർ 4 മണിക്ക് തന്നെയാണ് ജലമൊഴുക്കിയത്. എന്തെങ്കിലും പ്രശ്നമുണ്ടായോ; നമ്മൾ പറഞ്ഞകാര്യം തമിഴ്നാട് കേട്ടില്ലെ. അങ്ങനെ മൂവായിരം ഘന അടിവെള്ളമാണ് അവസാനം ഒഴുക്കിയത്. അതുകൊണ്ടൊന്നും 138 അടിയിലേയ്ക്ക് ജലനിരപ്പ് എത്താത്തതിനാൽ വീണ്ടും ഒരു ഇൻഫർമേഷൻ കൊടുത്തു. ഈ 29-ാം ബഹുമാനപ്പെട്ട മന്ത്രി ശ്രീ. രാജൻ അവിടെവന്നിരുന്നു. നമ്മൾ ഒരുക്കങ്ങൾ പൂർത്തീകരിച്ചു, സുരക്ഷാ പ്രവർത്തനങ്ങൾ എല്ലാം ക്രമപ്പെടുത്തി. പ്രത്യേകിച്ച് ഡിസാസ്റ്റർ

മാനേജ്മെന്റിന്റെ ചുമതലയുള്ള ഒരു മന്ത്രിയെന്ന നിലയിൽ ജില്ലാ കളക്ടറുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയെല്ലാം യോഗം ചേർന്ന് സമ്പൂർണ്ണ സജ്ജമാക്കി. എവിടെനിന്നെങ്കിലുമൊരു ആക്ഷേപമുണ്ടായോ? ഇന്നലെ അവസാന ഡേറ്റ് ആയിരുന്നു. 138 അടിയിലേയ്ക്ക് ക്രമപ്പെടുത്താൻ വലിയ തോതിൽ വെള്ളം ഒഴുക്കിയാൽ എന്തുചെയ്യുമെന്ന് ഞങ്ങൾ ആശങ്കപ്പെട്ടു. അവർ മെസ്സേജ് തന്നില്ലെങ്കിൽപോലും കരുതലിന്റെ ഭാഗമായി അതുകൂടി കണക്കിലെടുത്തു. ഏതാണ്ട് 6000 ഘന അടിവെള്ളം 7 മണിമുതൽ രാത്രി 12 മണിവരെ ഒഴുക്കിയാൽ മാത്രമെ 138 അടിയിലേക്ക് എത്തുകയുള്ളൂ. അങ്ങനെ ഒഴുക്കിയാൽ ഉണ്ടാകുന്ന ഫ്ലഡ് മാപ്പുകൂടി കണക്കിലെടുത്ത് ഞങ്ങൾ സർവ്വ സന്നാഹത്തോടുംകൂടി തയ്യാറടുത്തിരുന്നു. ഇടുക്കിയിൽ എവിടെനിന്നെങ്കിലും ഒരു അപസ്വരം കേട്ടോ? ഫയർഫോഴ്സ്, പോലീസ്, NDRF ടീം, ജാഗ്രതാസമിതികൾ, ജനപ്രതിനിധികൾ തുടങ്ങിയ എല്ലാപേരും രംഗത്തായിരുന്നു. അവിടെ ഒന്നും സംഭവിച്ചില്ല. ഇടുക്കിയിലെ ജലനിരപ്പുമായി മനസ്സിലാക്കേണ്ട കാര്യം ഇടുക്കിയിൽ ഒരടി വെള്ളം കൂടണമെങ്കിൽ പന്തിരായിരം ഘന അടി വെള്ളം പെർ സെക്കന്റ് ഒഴുകിയെത്തണം. അതിൽ മൂവായിരം ഘന അടി വെള്ളമാണ്

ഒഴുകിയെത്തിയത്. ഒരപകടവും ഇടുക്കിയിലുണ്ടായില്ല. മറ്റൊന്ന്, സമുദ്ര നിരപ്പിൽനിന്നുള്ള ഉയരമാണ് പരിഗണിക്കേണ്ടത്. സമുദ്ര നിരപ്പിൽനിന്ന് വണ്ടിപ്പെരിയാർ ഭാഗത്തേയ്ക്കുള്ള ഉയരം 172.2 മീറ്റർ ആയാണ് കണക്കാക്കിയിരിക്കുന്നത്. നമ്മുടെ വാണിംഗ് ലെവൽ 174.2 മീറ്റർ ആണ്. ഇവിടെ വാണിംഗ് ലെവലിൽ എത്താൻ പോലും 2 മീറ്റർ വ്യത്യാസമുണ്ട്. എന്നിട്ടും സുരക്ഷയുടെ കാര്യത്തിൽ ഒരു കുറവും വരുത്തിയില്ല. ഡെയിഞ്ചർ ലെവൽ 175.5 മീറ്റർ ആണ്. വീണ്ടും മൂന്ന് മീറ്റർ വ്യത്യാസമുണ്ട്. ഞങ്ങളതൊന്നും കണക്കാക്കിയില്ല. എന്നാൽ 2018-ൽ സംഭവിച്ചതെന്താണ്? അവിടെ ഒഴുകിയ ജലം 177, എന്ന് പറഞ്ഞാൽ ഡെയിഞ്ചർ ലെവലിനെക്കാളും രണ്ട് മീറ്റർ ഉയരത്തൽ വെള്ളം ഒഴുകിപ്പോയി. ഇതെല്ലാം സുരക്ഷയുടെ കാര്യങ്ങളായാണ് പരിഗണിച്ചത്. അതുകൊണ്ട് മുല്ലപ്പെരിയാറുമായി ബന്ധപ്പെട്ട വിഷയത്തിൽ പുതിയ ഡാം എന്ന സങ്കല്പത്തിന് നമുക്കാർക്കും തർക്കമില്ല. സുരക്ഷാ ക്രമീകരണം ഭംഗിയായി നോക്കേണ്ടത് നമ്മൾ തന്നെയാണ്. ഇത്തരത്തിലുള്ള ആശങ്കകളല്ല നമുക്കാവശ്യം. ഡാം ഉണ്ടാക്കുന്ന കാര്യത്തിൽ നമ്മളിൽ ആരും ഒരിടത്തും ഒരു തർക്കവും ഉന്നയിച്ചിട്ടില്ല.

2018-ൽ ഇടുക്കിയിൽ, ശ്രീ. ഡീൻ കുര്യാക്കോസിനെ സംബന്ധിച്ച പറഞ്ഞകാര്യത്തിൽ തെറ്റ് തിരുത്തി പോകണമല്ലോ. ഞാൻ ഡീൻ കുര്യാക്കോസുമായി ബന്ധപ്പെട്ടിരുന്നു. ഇന്നലത്തെ മീറ്റിംഗിൽ ഞങ്ങളും ശ്രീ. ഡീൻ കുര്യാക്കോസും ഒരുമിച്ചുണ്ടായിരുന്നു. അവിടത്തെ കാര്യങ്ങളെല്ലാം വിലയിരുത്തുമ്പോഴും തുറന്നുപറയുമ്പോഴും അവിടെയൊന്നും അങ്ങനെയൊരു പ്രശ്നമില്ലെന്നാണ് മനസ്സിലാകുന്നത്. ഈ വിഷയം പൊളിറ്റിസൈസ് ചെയ്യരുത്. 2018-ൽ ഞാൻ എടുത്ത നിലപാട് വ്യക്തമല്ലെങ്കിൽ ഇപ്പോൾ എനിക്ക് ഇവിടെനിന്ന് ഇത് പറയാൻ കഴിയില്ലെന്ന് അങ്ങ് പറഞ്ഞാൽ ഞാൻ അംഗീകരിക്കണം. എന്റെ നിലപാട് സത്യസന്ധമാണെന്ന ധാർമ്മികമായ ബോദ്ധ്യം എനിക്കുണ്ട്. പക്ഷെ ഉരുൾപ്പൊട്ടുന്നതിനും മണ്ണ് ഇടിയുന്നതിനും ഒരു നിയന്ത്രണം കൊണ്ടുവരാൻ നമുക്കാർക്കും കഴിയുമെന്ന് ഞാൻ കരുതുന്നില്ല. എന്നാൽ പുതിയ ഡാം ഉണ്ടാക്കണമെന്നുള്ള കാര്യത്തിൽ നമുക്കാർക്കും അഭിപ്രായ വ്യത്യാസത്തിന്റെ കാര്യമില്ല. അക്കാര്യത്തിന് നമ്മൾ ഒരുമിച്ച് മുന്നോട്ട് പോകേണ്ടതായുണ്ട്. സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതിന്റെ കാര്യത്തിലൊന്നും ഒരു വീഴ്ചയും ഇടുക്കിയിൽ ഉണ്ടായിട്ടില്ല തീർച്ചയായും

മുല്ലപ്പെരിയാറിന്റെ ജലനിരപ്പ് ഉയരുമെന്ന ആശങ്കയാണ് നമുക്കുള്ളത്. ഞാനാദ്യം സൂചിപ്പിച്ചതുപോലെ മുല്ലപ്പെരിയാറിന്റെ ക്യാച്ച്മെന്റ് ഏരിയ വലുതാണെങ്കിലും കപ്പാസ്സിറ്റി ചെറുതാണ്. പെട്ടെന്ന് വെള്ളമുയരും. ആ വിഷയം ഞങ്ങൾ ബോധ്യപ്പെടുത്തി. മേൽനോട്ട സമിതി അത്തരം കാര്യങ്ങളിൽ വീഴ്ച വരുത്തിയെന്ന് ഞാൻ വിചാരിക്കുന്നില്ല. ഇന്നലെ രാവിലെ 7 മണിക്ക്, ഈ മൂന്ന് ദിവസത്തിനകം ഞാൻ മൂന്നാമത്തെ പ്രാവശ്യമാണ് മുല്ലപ്പെരിയാറിൽ പോകുന്നത്. എന്നോടൊപ്പം ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രിയും ഉണ്ടായിരുന്നു. അവിടെപോയാൽ കാണാവുന്നതാണ്. അവിടെ ആരെയും തടഞ്ഞ് നിർത്തുന്നില്ല. ഞങ്ങൾ എല്ലാ ഓപ്പറേഷൻസും നേരിട്ടുകണ്ടു. വെള്ളം ഒഴുകിപോകുന്നത് ബോധ്യപ്പെട്ടു, ഞങ്ങളെല്ലാം അവിടെയുള്ള സ്ഥലങ്ങൾ പോയി നിരീക്ഷിച്ചു. 28-ാം തീയതിയുള്ള സംഭവംമുതൽ ഇറിഗേഷൻ വകുപ്പിന്റെ ചീഫ് എഞ്ചിനീയർ ഉൾപ്പെടെയുള്ള എല്ലാ ഉദ്യോഗസ്ഥരും അവിടെ ക്യാംമ്പ് ചെയ്യുന്നുണ്ട്. ഒപ്പം ഞങ്ങളുമുണ്ട്. ഞാൻ ചോദിക്കട്ടെ; ഈ ആശങ്ക ഇന്നല്ലല്ലോ ഉണ്ടായത്; 2011-ൽ മുല്ലപ്പെരിയാർ വിഷയത്തിൽ ഞാൻ നിരാഹാരം കിടന്ന ആളാണ്. അന്ന് ശ്രീമതി ബിജിമോളും ഈ സഭയിലെ ഡെപ്യൂട്ടി സ്പീക്കർ ശ്രീ. ചിറ്റയം

ഗോപകുമാറും നിരാഹാരം കിടന്നതല്ലേ. വൈക്കം എം.എൽ.എ. ശ്രീ. അജിത്, ശ്രീ. ജയലാൽ, ശ്രീ. മോൻസ് ജോസഫ്, ശ്രീ. സാജു പോൾ, ശ്രീ. എസ്. രാജേന്ദ്രൻ എന്നിവരെല്ലാം ഇതിൽ പങ്കെടുത്തവരാണ്. ഇതിലൊന്നും രാഷ്ട്രീയമില്ല. ശ്രീ. ഇ.എം. അഗസ്തി ഇല്ലായിരുന്നോ; അവിടെ ആർക്കെങ്കിലും പ്രശ്നമുണ്ടായോ? ആ ആകാലഘട്ടം കണക്കിലെടുക്കുമ്പോൾ ആ ഇടപെടലിനൊക്കെ എവിടെയാണ് പ്രശ്നമുണ്ടായതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഈ വിഷയത്തിൽ അതിന്റേതായ ജാഗ്രതയാണ് നമുക്കാവശ്യമുള്ളത്. ആ സമീപനമാണ് നമ്മൾ ഉയർത്തിക്കൊണ്ടുവരേണ്ടത്. അല്ലാതെ മറ്റൊരുവിഷയം ചർച്ചചെയ്യപ്പെടേണ്ട ഒരു സാഹചര്യമായി ഇതിനെ മാറ്റരുത്. ഒരു പുതിയ ഡാം നിർമ്മിക്കുകയെന്നുള്ളതാണ് ഗവൺമെന്റിന്റെ നയമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ വ്യക്തമാക്കിയല്ലോ. അതിനെയാണല്ലോ മറ്റൊരു രീതിയിൽ ചിന്തിക്കുന്നത്. അത് വ്യക്തമാക്കാനുള്ള സാഹചര്യം എവിടെനിന്നുണ്ടായി. ആ വിഷയം ശ്രദ്ധക്ഷണിക്കലിലൂടെ കൊണ്ടുവന്നത് ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീ. എം. എം. മണി അല്ലേ. അന്ന് ഈ സഭയിൽ ഈ വിഷയം ഉന്നയിച്ചപ്പോഴാണല്ലോ ഈ മറുപടി ഉണ്ടായത്. എല്ലാതലത്തിലും

എല്ലാകരുതലും ജാഗ്രതയും പുലർത്തിയിട്ടുണ്ട്. എനിക്ക് വിനയപൂർവ്വമായ ഒരു അപേക്ഷയെയുള്ളൂ. ഈ വിഷയത്തിൽ നമ്മളിൽ അപസ്വരമുണ്ടെന്ന് പുറംലോകമറിയാൻ പാടില്ല. അങ്ങനെ പ്രശ്നമുണ്ടായിട്ടില്ല. ഡാം ഉണ്ടാക്കുന്ന കാര്യത്തിൽ ആരെങ്കിലും തർക്കം പറഞ്ഞോ; 142 അടി എന്നുള്ളത് കോടതിയിൽ ചോദ്യംചെയ്യാൻ ഇനി നമുക്കുള്ള സാഹചര്യമെന്താണ്? നമ്മൾ ചൂണ്ടിക്കാണിച്ചത് 2018-ലെ അതിവൃഷ്ടിയും പിന്നീടുണ്ടായ ഉരുൾപ്പൊട്ടലും കാലാകാലങ്ങളിൽ ഉണ്ടാകുന്ന ന്യൂനമർദ്ദവുമാണ്. ഈ വിഷയങ്ങളെല്ലാം കൃത്യമായി അറിയിക്കുന്നുണ്ട്. ജലനിരപ്പ് ഉയരുന്നതുമൂലമുണ്ടാകുന്ന ആശങ്കകളും കൃത്യമായി ബോധ്യപ്പെടുത്തുന്നുണ്ട്. തമിഴ്നാടുമായി സഹകരിച്ചുതന്നെയാണ് പോകേണ്ടത്. തമിഴ്നാടിന് ആവശ്യമായ ജലം കൊടുക്കണം. ആരാണ് എതിര് പറയുന്നത്? തമിഴ്നാടുമായി തർക്കമുണ്ടെന്ന് വരുത്താൻ ശ്രമിക്കരുത്. അവർക്ക് ജലം കൊടുക്കുകയും നമുക്ക് സുരക്ഷ ഉറപ്പുവരുത്തുകയും ചെയ്യണം. ജനങ്ങൾക്ക് ഇതിൽ ആശങ്കയുണ്ട്. ആ ആശങ്ക അറിയേണ്ടതുതന്നെയാണ്. നമുക്ക് ചെയ്യാൻ കഴിയുന്നത് സുരക്ഷാപ്രവർത്തനങ്ങൾ ക്രമപ്പെടുത്തുക എന്നുള്ളതുതന്നെയാണ്. അതിനൊരു വീഴ്ചയും ഉണ്ടാകില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുകൂടി സംസാരിക്കണം.

ശ്രീ. റോഷി അഗസ്റ്റിൻ: 350 കുടുബങ്ങളെ, 1079 വ്യക്തികളെ മാറ്റിപാർപ്പിച്ചു. അത്തരം കാര്യങ്ങളിലെല്ലാം സൂക്ഷ്മമായ നിരീക്ഷണം നടത്തിയിട്ടുണ്ട്. 2014-ലെ കോടതി വിധിയിന്മേൽ നമ്മൾ കൊടുത്ത റിവ്യൂ പെറ്റീഷനുകളുടെ കാര്യങ്ങളെല്ലാം അറിയാം. ഇപ്പോൾ എത്തി നിൽക്കുന്ന സാഹചര്യങ്ങളും എല്ലാവർക്കും അറിയാം. അതുകൊണ്ട് ഇടുക്കിയിലെ മുല്ലപ്പെരിയാറിൽ പുതിയ ഡാമുണ്ടാകണം. ആ ഡാം ഉണ്ടാകണമെന്നുതന്നെയാണ് ആഗ്രഹം. മുഖ്യമന്ത്രി ഈ കാര്യങ്ങൾ .... അസംബ്ലിയിൽ പറഞ്ഞപ്പോൾ എനിക്കുണ്ടായ സന്തോഷം വലുതാണ്. ഗവൺമെന്റ് നയമാണെന്നാണ് ഞാൻ വിചാരിച്ചത്, അത് തുടരുകയല്ലേ. പുതിയ ഡാമുണ്ടാകണം. ആ ഡാമുണ്ടാകാനുള്ള എല്ലാ കരുതലും ശേഷിയും ശേമുഷിയും ഈ ഗവൺമെന്റിനുണ്ടാകും. അതിനുവേണ്ടി അശ്രാന്തമായ പരിശ്രമം ഈ ഗവൺമെന്റ് നടത്തും. തീർച്ചയായും തമിഴ്നാടിന് ആവശ്യമായ ജലം കൊടുക്കും. ഞാൻ ഓർക്കുന്നു, 28-ാം തീയതി മുതൽ... ഞാൻ ഇന്നലെ ഉച്ചകഴിഞ്ഞ് 12.30 നാണ് മുല്ലപ്പെരിയാറിൽനിന്നും തിരിച്ചുവന്നത്. എന്നെ അതിനോടകം മുഖ്യമന്ത്രി 14 തവണ ഫോണിൽ വിളിച്ച് ഇക്കാര്യങ്ങൾ

അന്വേഷിച്ചുവെന്ന് പറഞ്ഞാൽ എനിക്ക് എന്റെ മനസ്സുനിറയെ സന്തോഷമുണ്ട്. ഞാൻ ഇരുപത് വർഷക്കാലമായി മുല്ലപ്പെരിയാറിൽ എല്ലാവരോടുമൊപ്പം പോയിട്ടുണ്ട്. അവരെല്ലാം ആഗ്രഹിച്ചത് ഈ ഡാം ഉണ്ടാകണമെന്നാണ്; ആയതിന് ആരും എതിര് നിന്നിട്ടില്ല. മുല്ലപ്പെരിയാർ വിഷയത്തിൽ നമ്മുടെ സമീപനം ഒരു അടിയന്തരപ്രമേയത്തിന്റെ സമീപനമല്ല. പൊതുസ്പിരിറ്റായി കാണുന്നതിന് സംയുക്തമായി കൂടിയാലോചിക്കാൻ ഇവിടെയാണ് ഒരുമിക്കേണ്ടത്. ആ നിലയിൽ നമുക്കിതിനെ മാറ്റിയെടുക്കണമെന്ന് ഒരിക്കൽക്കൂടി ഓർമ്മപ്പെടുത്തിക്കൊണ്ട് ഇത് അടിയന്തര സാഹചര്യമായി ചർച്ച ചെയ്യേണ്ടതുണ്ടെന്ന് എനിക്ക് തോന്നുന്നില്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):സർ, മുല്ലപ്പെരിയാർ വിഷയം പല ഘട്ടങ്ങളിലായി നിയമസഭ ചർച്ച ചെയ്തിട്ടുള്ളതാണ്. അതിലെല്ലാം കൃത്യമായ സമവായമാണ് ഭരണപക്ഷ പ്രതിപക്ഷ വിഭാഗങ്ങൾ തമ്മിൽ ഉണ്ടായിട്ടുള്ളത്. അതിന്റെ ഭാഗമായി വിവിധ ഘട്ടങ്ങളിൽ ചില പ്രമേയങ്ങളും അംഗീകരിച്ചിരുന്നു. 2001 ഡിസംബർ 7-ന് റൂൾ 130 അനുസരിച്ച് അന്നത്തെ ഇറിഗേഷൻ വകുപ്പുമന്ത്രി ഒരു പ്രമേയം അവതരിപ്പിച്ചിരുന്നു. അതുപോലെ

2009 ജൂലൈ 24 -ന് അന്നത്തെ ഇറിഗേഷൻ മിനിസ്റ്റർ മറ്റൊരു പ്രമേയം ഈ സഭയിൽ അവതരിപ്പിച്ചിരുന്നു. 2011 ഫെബ്രുവരി 9-ന് ചട്ടം 275 അനുസരിച്ചുള്ള സബ്സ്റ്റാന്റീവ് മോഷൻ അന്നത്തെ മുഖ്യമന്ത്രിതന്നെയാണ് അവതരിപ്പിച്ചത്. 2014 ജൂൺ 9 ന് ചട്ടം 275 അനുസരിച്ച് സബ്സ്റ്റാന്റീവ് മോഷൻ അന്നത്തെ മുഖ്യമന്ത്രിതന്നെയാണ് അവതരിപ്പിച്ചത്. ഇത് ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ ചില ഘട്ടങ്ങളിൽ ചർച്ച ചെയ്തിട്ടുണ്ട്. രണ്ടുകൂട്ടരും യോജിച്ച് കാര്യങ്ങൾ അവതരിപ്പിക്കുന്ന നിലയാണുണ്ടായിട്ടുള്ളത്. ചില ഘട്ടങ്ങളിൽ പ്രതിപക്ഷം അവതരിപ്പിക്കട്ടെയെന്ന് ഭരണപക്ഷവും അല്ല, ഈ വിഷയം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുംതന്നെയാണ് വരേണ്ടതെന്ന് പ്രതിപക്ഷവും അങ്ങനെയൊക്കെയുള്ള കീഴ്വഴക്കമാണ് നേരത്തെ ഉണ്ടായിട്ടുള്ളത്. അത്ര യോജിപ്പോടെയാണ് ഇവിടെ മുല്ലപ്പെരിയാർ വിഷയം കൈകാര്യം ചെയ്തിട്ടുള്ളത്. അതിൽ നിന്ന് അൽപ്പം വ്യത്യസ്തയുണ്ടാകുകയാണോ അത് നമുക്ക് ഗുണകരമാണോ എന്നതാണ് പ്രതിപക്ഷം ആലോചിക്കേണ്ടത്. പ്രത്യേകിച്ച് പ്രതിപക്ഷത്തെ പ്രധാന പാർട്ടിയായ കോൺഗ്രസ്സിന്റെ അഖിലേന്ത്യാച്ചുമതലയടക്കം വരാനിടയുള്ള ഒരു നേതാവാണ് ഈ പ്രമേയം

അവതരിപ്പിച്ചയാൾ. അങ്ങനെ വരുമ്പോൾ.... ഞാൻ വേറെ ദുരുദ്ദേശത്തോടെ പറഞ്ഞതല്ല. ഞാൻ പറഞ്ഞുകഴിയട്ടെ, അങ്ങനെവരുമ്പോൾ വിവിധ സംസ്ഥാനങ്ങളുടെ ചുമതല വഹിക്കണമല്ലോ; ചിലപ്പോൾ അത് തമിഴ്നാടിന്റെ ചുമതലയാകാം. അപ്പോൾ ഏതെങ്കിലുമൊരു സംസ്ഥാനത്തിന് എതിരായിട്ടുള്ള നിലപാട് നമുക്ക് സ്വീകരിക്കാൻ കഴിയില്ല. 142 അടിയായി ജലനിരപ്പ് ഉയർത്തിയത് ഈ ഗവൺമെന്റിന്റെ തകരാറുകൊണ്ടാണ് പിടിപ്പുകേടുകൊണ്ടാണ്, എക്സ്പേർട്ട് കമ്മിറ്റി വേണ്ട രീതിയിൽ കേരളം കൈകാര്യം ചെയ്യാത്തതുകൊണ്ടാണ് എന്നൊക്കെയുള്ള അഭിപ്രായം അദ്ദേഹം പറയുകയുണ്ടായി. അദ്ദേഹം കാര്യങ്ങൾ മനസ്സിലാക്കാൻ കഴിവില്ലാത്ത ആളല്ല. സെൻട്രൽ വാട്ടർ കമ്മീഷനിൽ പ്രവർത്തിച്ചിരുന്ന സി.ഡബ്ല്യൂ.സി.യുടെ പ്രതിനിധികളായിരുന്നു എക്സ്പേർട്ട് കമ്മിറ്റിയിൽ നേരത്തെയുണ്ടായിരുന്ന ഭൂരിപക്ഷം അംഗങ്ങളും. ആ എക്സ്പേർട്ട് കമ്മിറ്റി 2001-ൽ അതിന്റെ റിപ്പോർട്ട് സമർപ്പിച്ചു. അവർ പറഞ്ഞത് 136 അടിയിൽനിന്ന് 142 യായി ജലനിരപ്പ് ഉയർത്തുന്നതിൽ ഒരു അപാകതയുമില്ല എന്നാണ്. അതിന്റെ അടിസ്ഥാനത്തിലാണ് 2006 ഫെബ്രുവരി മാസം 27-ാം തീയതി ബഹുമാനപ്പെട്ട സുപ്രീംകോടതി ഈ വിധി

പ്രഖ്യാപിക്കുന്നത്. അവിടെയുള്ള ബേബി ഡാം ശക്തിപ്പെടുത്തിയാൽ മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് വേണമെങ്കിൽ 152 ആയി ഉയർത്താമെന്നാണ് യഥാർത്ഥത്തിൽ സുപ്രീംകോടതി ആ വിധിന്യായത്തിൽ പറഞ്ഞിട്ടുള്ളത്. ഇതൊക്കെ നേരത്തെ സംഭവിച്ചുകഴിഞ്ഞതാണ്. ഇതിൽ നാം ഓർക്കേണ്ടൊരു കാര്യം, ഇതുമായി ബന്ധപ്പെട്ട് നമ്മുടെ സംസ്ഥാനം മൂന്ന് റിവ്യൂ പെറ്റീഷനുകൾ സുപ്രീം കോടതി മുമ്പാകെ നൽകിയിട്ടുണ്ട്. ആ മൂന്ന് റിവ്യൂ പെറ്റീഷനുകളും തള്ളുകയാണുണ്ടായത്. ബഹുമാനപ്പെട്ട രമേശ് ചെന്നിത്തല അദ്ദേഹത്തിന്റെ സംസാരത്തിന്റെ അവസാനം പറഞ്ഞ ഒരു ഭാഗം കേന്ദ്രഗവൺമെന്റിനെ ഈ വിഷയത്തിൽ ഇടപെടുത്തണമെന്നാണ്. അതിന് എത്രയോ നല്ല അവസരം നേരത്തെ നിങ്ങളുടെ കൈപ്പിടിയിൽ ഒതുങ്ങി നിൽക്കുന്നുണ്ടായിരുന്നു. അതിന് നിങ്ങൾക്ക് കഴിഞ്ഞില്ല, അന്ന് നിങ്ങൾ അങ്ങനെ ആലോചിച്ചിരുന്നുവെങ്കിൽ എത്ര എളുപ്പമായിരുന്നു. അത് കഴിഞ്ഞകാര്യം; ഇനിയിപ്പോൾ അത് ആലോചിച്ചിട്ട് കാര്യമില്ല. ഞാൻ പറഞ്ഞുവരുന്നത് ഇത് നമ്മുടെ സംസ്ഥാന സർക്കാരിന്റെ പിടിപ്പുകേടുകൊണ്ട് പറ്റിയതല്ല. ഇങ്ങനെ വന്നുചേർന്നതാണ്. ആ കാര്യത്തിൽ നാമെല്ലാം ഒരേ

വികാരത്തോടെയാണ് ആ ഘട്ടത്തിൽ പ്രതികരിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായി പ്രത്യേകമായിതന്നെ നമ്മൾ ഒരു നിയമംതന്നെ പാസ്സാക്കാൻ തയ്യാറായല്ലോ. 136 അടിയായി നിജപ്പെടുത്തുന്ന കാര്യമൊക്കെ നേരത്തെയുണ്ടായ കാര്യങ്ങളാണ്. സഭ നല്ല രീതിയിൽ ഒന്നിച്ചുനിന്നുകൊണ്ടാണ് ഇത്തരം കാര്യങ്ങളെ നേരത്തേ നേരിട്ടത് എന്നത് നാം ഓർക്കണം. അതിൽനിന്ന് വ്യത്യസ്തമായി പോകുന്നത് നമുക്ക് പൊതുവിൽ ഗുണകരമായിട്ടല്ല വരുന്നത്. ഇവിടെ ആദ്യം സംസാരിച്ചതിന്റെ സ്പിരിറ്റിൽനിന്ന് മാറിക്കൊണ്ടാണ് അവസാനം അദ്ദേഹം സംസാരിച്ചത്. അവസാനഭാഗത്തിൽ വിയോജിപ്പ് ഉണ്ടാകേണ്ട കാര്യമില്ല. പക്ഷേ ആദ്യം വല്ലാത്ത വികാരമാണ് അദ്ദേഹം ഉയർത്തിക്കൊണ്ടുവരാൻ ശ്രമിച്ചത്. ആ നിലയ്ക്കാണോ ഈ പ്രശ്നം കൈകാര്യം ചെയ്യേണ്ടത്; നമ്മൾ ഇതുവരെ കൈകാര്യം ചെയ്ത രീതി എന്താണ്? നമുക്ക് ഇതുമായി ബന്ധപ്പെട്ടുള്ള ആശങ്കകളുണ്ട്. അതിന് പുതിയ ഡാം ആവശ്യമാണ്. അത് നമ്മുടെ സുരക്ഷയെ കരുതിയാണ്. അതേസമയം തമിഴ്നാടിന് വെള്ളം നമ്മൾ ഉറപ്പുനൽകുന്നു. ഈയൊരു സമീപനമാണ് ഒരേസമയം നാം സ്വീകരിച്ചുപോയിട്ടുള്ളത്. അതിൽനിന്ന് വ്യത്യസ്തമായ രീതിയിലൊരു സ്വരം

ബഹുമാനപ്പെട്ട രമേശ് ചെന്നിത്തലയിൽനിന്നുണ്ടായത് അത്യന്തം ഖേദകരമായൊരു കാര്യമാണ്. മേൽനോട്ട സമിതിയുടെ കാര്യം ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ഇവിടെ കൃത്യമായി പറഞ്ഞു. മേൽനോട്ട സമിതിയുടെ മിനിട്ട്സിലുള്ള വിയോജിപ്പും അതിലുണ്ടായ അപാകതയുമെല്ലാം ചൂണ്ടിക്കാട്ടി നമ്മുടെ സംസ്ഥാനം കത്തുനൽകിയിട്ടുണ്ട്. സുപ്രീം കോടതിയെ അറിയിച്ചിട്ടുമുണ്ട്. അത് അറിയാതെയല്ല, അറിഞ്ഞുകൊണ്ടുതന്നെ മറച്ചുവയ്ക്കുന്ന സമീപനമാണ് അദ്ദേഹം സ്വീകരിച്ചത് എന്നാണ് തോന്നുന്നത്. സുപ്രീം കോടതിക്ക് നൽകിയ നോട്ടീസിൽ കേരളം കൃത്യമായി പറഞ്ഞിട്ടുള്ള ഒരു കാര്യമാണിത്. ഇവിടെ നാം ശ്രദ്ധിക്കേണ്ട കാര്യം കേരളവും തമിഴ്നാടും സഹോദരങ്ങളായി ജീവിക്കേണ്ടവരാണ്; അനാവശ്യമായ സ്പർദ്ധ ഉയർത്താൻ ശ്രമിക്കരുത്. തമിഴ്നാട്ടിന്റെ ചില സാഹചര്യങ്ങൾ അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി, അത് വസ്തുതയാണ്. ചിലർ വലിയ വികാരമുയർത്താൻ ശ്രമിക്കുന്നുണ്ട്. നമ്മളും തെറ്റായ രീതിയിൽ വികാരം ഉയർത്തുവാൻവേണ്ടി ശ്രമിക്കാൻ പാടില്ല. നല്ല രീതിയിലുള്ള യോജിപ്പാണുണ്ടാകേണ്ടത്. സമവായത്തോടെ മാത്രമേ ഈ പ്രശ്നം പരിഹരിക്കാൻ കഴിയുകയുള്ളൂ. നാം ആരും ഒരു വൃത്തത്തിനുള്ളിൽ

മാത്രം ജീവിക്കുന്നവരല്ല. കേരളത്തിന്റെ നാല് അതിരുകൾക്കുള്ളിൽ ജീവിക്കുന്നവരല്ല കേരളീയർ. അതുപോലെ തമിഴ്നാടിന്റെ നാല് അതിരുകൾക്കുള്ളിൽ ജീവിക്കുന്നവരല്ല തമിഴ്നാട്ടുകാരും. അങ്ങോട്ടുമിങ്ങോട്ടും വളരെ ബന്ധമുണ്ട്. മറ്റ് പലയിടത്തും ജീവിക്കുന്നവരാണ് എല്ലാവരും. നല്ല സമവായത്തോടെ ഈ പ്രശ്നം ചർച്ച ചെയ്യാനാകണം. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ ഇക്കാര്യത്തിൽ തമിഴ്നാട് ഗവൺമെന്റ് നല്ല സമീപനം ഇപ്പോൾ സ്വീകരിച്ചുവരുന്നുണ്ട്. അത് ശുഭ പ്രതീക്ഷയാണ് നൽകുന്നത്. പുതിയ ഡാം വേണമെന്നുള്ള ആവശ്യം തമിഴ്നാട് ഗവൺമെന്റിന്റെ മുന്നിൽ കൃത്യമായി ഉന്നയിക്കാൻ നമുക്ക് സാധിക്കും. ഇപ്പോൾതന്നെ അവരുടെ മുന്നിലുള്ള വിഷയമാണിത്. നമുക്ക് ഒന്നിച്ചുനിന്ന് ചർച്ച ചെയ്യാൻ സാധിക്കും. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെയും സഹായമില്ലാതെയും ചർച്ച ചെയ്യുന്നതിൽ പ്രശ്നമൊന്നുമില്ല. കാരണം ആ രീതിയിലുള്ള നല്ല ബന്ധമാണ് തമിഴ്നാടും കേരളവും തമ്മിലുള്ളത്. ഇപ്പോൾതന്നെ പല വിഷയങ്ങളിലും പരസ്പരം ബന്ധപ്പെടുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് അക്കാര്യത്തിൽ നമുക്ക് ഒരുമിച്ച് നീങ്ങുകയാണ് വേണ്ടത്. നമ്മൾ

രണ്ടുചേരിയിൽ/രണ്ടുഭാഗമായി ഇതിനെ സമീപിക്കുകയാണെന്നൊരു പ്രതീതിയല്ലയുണ്ടാക്കേണ്ടത്. ഇതുവരെ കേരളം ഒറ്റക്കെട്ടായാണ് നീങ്ങിയിട്ടുള്ളത്. അനാവശ്യമായ ഭീതി പരത്താൻ നോക്കുന്ന, ഇതാ പൊട്ടാൻ പോകുന്നു എന്ന് പ്രചരിപ്പിക്കുന്ന അവസ്ഥ അപകടം മാത്രമെ ചെയ്യുകയുള്ളൂ. അനാവശ്യമായ ഭീതിയിൽ നാടിനെ എത്തിക്കാൻ പാടില്ല. അക്കാര്യമാണ് ഞാൻ കഴിഞ്ഞ സഭയിലും പറഞ്ഞത്. ആ പറഞ്ഞിടത്തുതന്നെയാണ് ഞാൻ നിൽക്കുന്നത്. മറ്റ് കാര്യങ്ങളിലെല്ലാം നമുക്ക് ഒരുമിച്ച് നീങ്ങാം. അനാവശ്യമായി ഭീതി പരത്തണമെന്ന അഭിപ്രായം നിങ്ങൾക്കുമുണ്ടാകില്ല. സ്വഭാവികമായും നമ്മുടെ നാട്ടിൽ ആർക്കുമുണ്ടാവില്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ പറഞ്ഞത് അനാവശ്യമായി ഭീതിയുണ്ടാക്കരുതെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. പക്ഷേ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഡാം സുരക്ഷിതമാണെന്ന് സ്ഥാപിക്കാൻ തമിഴ്നാട് അങ്ങ് സഭയിൽ പറഞ്ഞ കാര്യത്തെ ഉപയോഗിച്ചുവെന്നുള്ളതാണ്. അങ്ങനെയൊരു സാഹചര്യമുണ്ടാകാൻ പാടില്ലെന്നായിരുന്നു ഞാൻ പറഞ്ഞത്.

ശ്രീ. പിണറായി വിജയൻ: ബഹുമാനപ്പെട്ട സുപ്രീം കോടതിൽ അഡ്വക്കേറ്റുമാർ പലതരത്തിലുള്ള വാദങ്ങൾ ഉന്നയിക്കും. നമുക്ക് പറയാനുള്ള കാര്യങ്ങൾ അവിടെ നമ്മളും പറയും. നമ്മുടെ ഭാഗത്തുനിന്നും അഡ്വക്കേറ്റ് ഹാജരാകുന്നുണ്ടല്ലോ; സ്വാഭാവികമായും അവർ നമ്മുടെ ഭാഗം പറയും, അതൊരു പ്രശ്നമല്ല. ഇത്തരമൊരു സമീപനം മാത്രമേ നമുക്ക് സ്വീകരിക്കാൻ കഴിയുകയുള്ളൂവെന്നതാണ് പറയാനുള്ളത്. ഇതിൽ ഒരേ നിലപാടോടുകൂടി നീങ്ങാനാകണം. അത് സംസ്ഥാന താല്പര്യത്തിന് ഒഴിച്ചുകൂടാനാകാത്തതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്ന് ഇവിടെ വ്യക്തമാക്കി കഴിഞ്ഞതാണ്.

മി.സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ജലവിഭവ വകുപ്പുമന്ത്രിയുടെയും വിശദീകരണങ്ങളുടെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അനുമതി നിക്ഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിയും ഇവിടെ മറുപടി പറഞ്ഞപ്പോൾ, ഇത് കേരളത്തിന്റെ പൊതുതാല്പര്യമാണെന്ന വികാരത്തോട് ഞങ്ങളും പൂർണ്ണമായും യോജിക്കുന്നു.

കഴിഞ്ഞ നിരവധി വർഷങ്ങളായി കേരളത്തിന് ഇക്കാര്യത്തിൽ ഒരു താല്പര്യമേയുള്ളൂ, ഒരു വികാരമേയുള്ളൂ, ഈ സംസ്ഥാനത്തെ മുഴുവൻ ജനങ്ങളെയും പ്രതിനിധാനം ചെയ്യുന്ന ഈ സഭ ഇതുസംബന്ധിച്ച് ഏകകണ്ഠമായി പ്രമേയങ്ങൾ പാസാക്കി കേന്ദ്ര ഗവൺമെന്റിന് ഉൾപ്പെടെ അയച്ചുകൊടുത്തിട്ടുണ്ട്. അതൊരു യാഥാർത്ഥ്യവുമാണ്. എല്ലാ കാലഘട്ടത്തിലും നമ്മൾ ഒരേ നിലപാടാണ് ഇക്കാര്യത്തിൽ എടുത്തിട്ടുള്ളത്. ഒരിക്കൽ മാത്രം ഒന്ന് തെറ്റിപ്പോയി, 2011 ഡിസംബർ മാസത്തിൽ. ശ്രീ. ഉമ്മൻ ചാണ്ടി കേരള മുഖ്യമന്ത്രിയായി അധികാരമേറ്റ് നാലഞ്ച് മാസത്തിനുള്ളിൽ 136 അടിയുള്ള ജലനിരപ്പ് 120 അടിയാക്കി താഴ്ത്തണമെന്നാവശ്യപ്പെട്ട് ഡാമിൽനിന്ന് കടലുവരെ അന്നത്തെ പ്രതിപക്ഷം (എൽ.ഡി.എഫ്.) ഒരു മനുഷ്യചങ്ങല നടത്തുകയുണ്ടായി. സർക്കാരിന്റെ അനാസ്ഥ അഞ്ച് ജില്ലകളിലെ ജനങ്ങളെ അപകടത്തിലേയ്ക്ക് എത്തിക്കുമെന്നാണ് അന്നത്തെ പ്രതിപക്ഷനേതാവ് പ്രസംഗിച്ചത്. അന്നത്തെ പ്രതിപക്ഷ നേതാവായിരുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദൻ അദ്ദേഹത്തിന്റെ സ്വതസിദ്ധമായ ശൈലിയിൽ പറഞ്ഞത് നാൽപതുലക്ഷം പേർ അറബിക്കടലിൽ ഒഴുകിനടക്കുമെന്നാണ്. മൂന്നുപ്രാവശ്യം ആവർത്തിച്ച്

പറഞ്ഞു, അദ്ദേഹത്തിന്റെ രീതിയതാണ്. ഒരു പോയിന്റിന് ത്രസ്റ്റ് കിട്ടാൻ വേണ്ടി അത് മൂന്നപ്രാവശ്യം പറയും. നാൽപതുലക്ഷം പേർ അറബിക്കടലിൽ ഒഴുകി നടക്കുമെന്ന് മനുഷ്യചങ്ങലയുടെ ഒരു അറ്റത്തുനിന്നാണ് അദ്ദേഹം പറഞ്ഞത്. ആ മനുഷ്യചങ്ങലയുടെ മറ്റെയറ്റത്ത് അന്നത്തെ പാർട്ടി സെക്രട്ടറിയായിരുന്ന ഇന്നത്തെ മുഖ്യമന്ത്രിയായിരുന്നു. അന്നത്തെ ഗവൺമെന്റിനെ പ്രതിക്കൂട്ടിലാക്കാൻവേണ്ടി പറഞ്ഞത്രയും വാക്കുകളൊന്നും ബഹുമാന്യനായ രമേശ് ചെന്നിത്തല ഇവിടെ പറഞ്ഞിട്ടില്ല. സംസ്ഥാനത്തിന്റെ താൽപര്യത്തിനും ദേശീയ താൽപര്യത്തിനും വിരുദ്ധമായി ഞങ്ങൾ ഒന്നും പറയുകയില്ല. നമ്മുടെ പൊതുതാല്പര്യങ്ങളെന്നാണ് ഇവിടെ പറഞ്ഞത്. എന്താണ് നമ്മുടെ പൊതുതാൽപര്യങ്ങൾ; അതുകൊണ്ടാണ് അന്ന് ഈ വിഷയം നിയമസഭയിൽ ഉന്നയിച്ചപ്പോൾ ഹ്രസ്വകാലത്തേയ്ക്കും ദീർഘകാലത്തേയ്ക്കും മുല്ലപ്പെരിയാർ ഡാമുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിക്കുമെന്നതിന് ഒരു വ്യക്തത വരുത്തണമെന്ന് ആവശ്യപ്പെട്ടത്. എന്താണ് ഹ്രസ്വകാല പദ്ധതികൾ; ഹ്രസ്വകാലമെന്ന് പറയുന്നത് അപകടകരമായ കാലമാണ്. മൺസൂൺ കാലം, തുലാവർഷക്കാലം,

കാലാവസ്ഥ വ്യതിയാനം, നിരന്തരമായി മലയിടിച്ചിലുകൾ, മണ്ണിടിച്ചിലുകൾ, പ്രകൃതി ദുരന്തങ്ങൾ എന്നിവ ഉണ്ടാകുന്ന ഒരു പ്രത്യേക കാലഘട്ടം. ഈ കാലഘട്ടത്തിൽ മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് പരമാവധി താഴ്ത്തിവയ്ക്കാൻ വേണ്ടിയുള്ള പരിശ്രമമാണ് ഹ്രസ്വകാലത്തേയ്ക്കുള്ള പദ്ധതി. എന്താണ് ദീർഘകാല പദ്ധതി; 126 വർഷക്കാലം പഴക്കമുള്ള ഈ ഡാം സുരക്ഷിതമല്ലെന്നാണ് കേരളത്തിന്റെ അഭിപ്രായം. അദ്ദേഹം പ്രമേയം അവതരിപ്പിച്ചുകൊണ്ട് പറഞ്ഞതുപോലെ ലോകത്താകെയുള്ള ഏറ്റവും മോശമായ ആറ് ഡാമുകളിൽ നാലെണ്ണം ഡീ-കമ്മീഷൻ ചെയ്തു. ഒരെണ്ണത്തിന് 50 കൊല്ലമേയായിട്ടുള്ളു. 126 കൊല്ലം പഴക്കമുള്ള ചുണ്ണാമ്പും മുട്ടയുടെ കരുവും ചേർത്ത സുർക്കി മിശ്രിതത്തിൽ പണിത ഈ ഡാം സുരക്ഷിതമല്ലെന്ന നിലപാട് വർഷങ്ങളായി നിരന്തരം നമ്മൾ ഉന്നയിക്കുകയാണ്. 2011-ൽ 136 അടിയിൽനിന്നും 120 അടിയായി ഇത് താഴ്ത്തിയില്ലെങ്കിൽ നാൽപ്പതുലക്ഷം പേർ മരിക്കുമെന്നുള്ള അഭിപ്രായത്തിൽനിന്നും പത്തുവർഷം കൊണ്ട് ഈ ഡാം സുരക്ഷിതമായോ; 2011 -ൽ നിന്ന് 2021-ൽ എത്തിയപ്പോൾ സുർക്കി മിശ്രിതത്തിന് വേറെ ഏതെങ്കിലും രൂപമാറ്റം സംഭവിച്ചോ; ഒരു രൂപമാറ്റവും സംഭവിച്ചില്ല. കൂടുതൽ

അപകടത്തിലേയ്ക്ക് ഡാം പോകുമെന്നുള്ള ഉത്കണ്ഠ നമുക്കുണ്ട്. ജലനിരപ്പ് താഴ്ത്തിവച്ചതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി എന്താണ് ഇവിടെ പറഞ്ഞത്; 139.5 അടിയാക്കി നിജപ്പെടുത്തിയതിനെ ഞാൻ പോസിറ്റീവായി കാണുന്നുവെന്ന് അങ്ങ് പ്രതികരിച്ചു. മേൽനോട്ട സമിതി വളരെ പ്രധാനപ്പെട്ട ഒരു സമിതിയാണ്. 2014-ലെ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയിൽ നമുക്ക് അനുകൂലമായി വന്ന ഏക കാര്യം ഒരു മേൽനോട്ട സമിതി രൂപീകരിച്ചുവെന്നതാണ്. അതിൽ സെൻട്രൽ വാട്ടർ കമ്മീഷൻ ചെയർമാനും കേരളത്തിന്റെയും തമിഴ്നാട്ടിന്റെയും പ്രതിനിധികൾ അംഗങ്ങളുമാണ്. ഈ ജലവിതാന സംവിധാനങ്ങളും ഡാമിന്റെ സുരക്ഷയെ സംബന്ധിച്ചും മേൽനോട്ടം നടത്താനുള്ള അധികാരത്തിൽ കേരളത്തിനുകൂടി പങ്കുണ്ടായിരിക്കുമെന്നാണ്. ഈ മേൽനോട്ട സമിതി 26-10-2021-ൽ യോഗം ചേർന്നപ്പോൾ, The following points were agreed upon by both the States എന്നതാണ് അതിലെ മിനിറ്റ്സ്. അതിലെ ആദ്യത്തെ പോയിന്റ് എന്താണ്; The existing Mullapperiyar dam is safe structurally, hydrologically and seismologically for storing water up to 142 feet” . ശരിയാണോ, ഈ പോയിന്റ് നമ്മൾ അവിടെ എഗ്രി ചെയ്തിട്ടുണ്ടോ; ഇത്

hydrologically, structurally, seismologically safe ആണ്. ഭൂകമ്പ സാധ്യതകളിൽ നിന്നെല്ലാം ഇത് സെയിഫാണ്. അതുകൊണ്ട് 142 അടിയായി ഉയർത്തുന്ന കാര്യത്തിൽ തർക്കമില്ലെന്ന് പറഞ്ഞു. ഇത് വാർത്തയായിക്കഴിഞ്ഞപ്പോൾ ഇതിൽ അഭിപ്രായവ്യത്യാസം പറഞ്ഞുകൊണ്ട് സംസ്ഥാനം ഒരു written note കൊടുത്തു, കോടതിയിലും അഫിഡവിറ്റ് സമർപ്പിച്ചു. ആ അഫിഡവിറ്റിലെ ഒരു പോയിന്റ്, 'As per the upper rule levels prepared by Tamil Nadu, the levels on dates are as:-...' എന്നിട്ട് ഓരോ ഡേറ്റ് പറഞ്ഞിരിക്കുകയാണ്. അതായത് തമിഴ്നാട് തയ്യാറാക്കിത്തന്ന റൂൾ കർവിൽ ഒക്ടോബർ 31-ാം തീയതി 138 അടിയും നവംബർ 10-ാം തീയതി 139.5 അടിയും ആയിരിക്കണം ജലനിരപ്പ്. തമിഴ്നാടിന്റെ ആ പ്രൊപ്പോസലാണ് സുപ്രീം കോടതി അംഗീകരിച്ചത്. ഈ നവംബർ 10-ാം തീയതി വരെ 139.5 അടിയായി തമിഴ്നാട് നിശ്ചയിച്ച റൂൾ കർവ്വാണ് സുപ്രീം കോടതി അംഗീകരിച്ചത്. നമ്മൾ എന്താണ് സുപ്രീംകോടതിയിൽ കൊടുത്ത അഫിഡവിറ്റിൽ പറഞ്ഞിരിക്കുന്നത്? നവംബർ 10-ാം തീയതിവരെ 139.5 അടിയല്ല 138.3 അടിയാണ് വേണ്ടത് എന്ന് നമ്മൾ അവിടെ വാദിച്ചു. വാദിച്ചതായാണ് കാണുന്നത്, മേൽനോട്ട

സമിതിയിൽ അത് ഉണ്ടായിരുന്നില്ല. അപ്പോൾ നമ്മൾ 138.3 പറയുകയും തമിഴ്നാട് പറഞ്ഞ 139.5 അംഗീകരിക്കുകയും ചെയ്യുമ്പോൾ നമുക്ക് എങ്ങനെയാണ് അത് സ്വീകാര്യമാകുന്നത്. അതാണ് ചോദ്യം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, പ്രതിപക്ഷനേതാവ് തെറ്റിദ്ധരിപ്പിക്കരുത്. ഞാൻ പറഞ്ഞത്, നമ്മൾ മേൽനോട്ട സമിതിയിൽ പറഞ്ഞ കാര്യങ്ങൾ അംഗീകരിക്കാതെ കൊടുത്തതിനെയാണ് ഞങ്ങൾ ഡിസെന്റ് ചെയ്തത്. നിങ്ങൾ ശ്രദ്ധിക്കണം. 139.5 അടി എന്നുപറഞ്ഞപ്പോൾ സ്വീകാര്യമാണ് എന്നല്ല. കോടതിയുടെ നിരീക്ഷണത്തെയാണ് ഞാൻ സൂചിപ്പിച്ചത്. 140 അടി വരെയാകാം എന്നുള്ള സുപ്രീംകോടതി വിധിയുണ്ടായിരിക്കെ, 2014-ൽ എന്തായിരുന്നു, ഒരു കേസിൽ പറഞ്ഞതാണ് 139.99 അടി എന്ന്. എന്നാൽ ഇതതല്ല, മേൽനോട്ട സമിതിയിൽ നമ്മൾ പറഞ്ഞ വാദങ്ങൾ പ്രസന്റ് ചെയ്യാതെവന്ന സന്ദർഭത്തിൽ, നമ്മൾ കോടതിയിൽ അത് സൂചിപ്പിച്ചപ്പോൾ 139.5 എന്ന മേൽനോട്ട സമിതി എടുത്തിരിക്കുന്ന തീരുമാനം അംഗീകരിക്കുന്നതോടൊപ്പം 18-ാം തീയതിക്കുശേഷം നമ്മുടെ കേസ് കേൾക്കാം എന്നുപറഞ്ഞാൽ നമ്മൾ കോടതിയിൽ ഇടപെട്ടില്ലെന്നോ നമ്മൾ പറഞ്ഞില്ലെന്നോ ആണോ

അർത്ഥം? നമ്മൾ പറഞ്ഞ കേസുകളുടെ വാദഗതിക്ക് പ്രസക്തിയുണ്ട് എന്നതുകൊണ്ടാണ് 142-ൽ നിന്നും കോടതിയുടെ നിരീക്ഷണം താഴേയ്ക്ക് വന്നിട്ടുള്ളത്. നമ്മൾ 136 അടിയാണ് റൂൾ കർവ് പറഞ്ഞത്. റൂൾ കർവ് എന്ന സിസ്റ്റമേ തമിഴ്നാട് അംഗീകരിക്കുന്നില്ലായിരുന്നു. അതുകൂടി യാഥാർത്ഥ്യമായി കാണണം. ഒരു ആലോചനയുമില്ലാതെ തുറന്നുവിട്ടിരുന്ന കാലത്തുനിന്നും വ്യത്യസ്തമായി റൂൾ കർവിന്റെ അടിസ്ഥാനത്തിൽ ഇൻഫർമേഷൻ തന്ന് തുറന്നുവിടുന്ന സാഹചര്യത്തെക്കുറിച്ചാണ് ഞാൻ പരാമർശിച്ചത്. അങ്ങ് തെറ്റിദ്ധരിപ്പിക്കരുത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ പറഞ്ഞത് നമ്മൾ 138.3 എന്നുപറഞ്ഞിട്ട് തമിഴ്നാട് കൊടുത്ത 139.5 അംഗീകരിക്കുക, എന്നിട്ട് നമ്മൾ അതിൽ സന്തുഷ്ടരാണ് എന്നുപറയുക, അതാണ് പ്രശ്നം. മാത്രമല്ല നവംബർ 20-ാം തീയതി ആകുമ്പോഴേയ്ക്കും ഇത് 141 അടിയാകും, നവംബർ 30-ാം തീയതി ആകുമ്പോഴേയ്ക്കും തമിഴ്നാടിന്റെ പ്രൊപ്പോസലായ 142 അടിയാകും. അപ്പോൾ 2018-ൽ വേറൊരു കേസിൽ സുപ്രീംകോടതി വിധിയിൽ പറഞ്ഞ 139.99 അടി എന്നുള്ളത് മാറി ഇവിടെ 142 ആകുകയാണ്. അതിൽ നമുക്ക് പരാതിയില്ല. നമ്മൾ ആ 139.99 അടി

കഴിഞ്ഞ് നവംബർ 30-ാം തീയതി 140 അടി പറയുകയാണ്. തുലാവർഷവും മൺസൂണമൊക്കെ കാലംതെറ്റി വരുന്ന ഈ കാലഘട്ടത്തിൽ, നമ്മൾ പ്രതീക്ഷിക്കാത്ത സമയത്താണ് മഴ ഏറ്റവും കൂടുതൽ കേരളത്തിൽ പെയ്യുന്നത്. ഈ മഴയും മലയിടിച്ചിലും അപ്രതീക്ഷിതമായ സമയത്തുണ്ടാകുന്ന ഒരു അവസ്ഥ കേരളത്തിൽ നിലനിൽക്കുന്നതുകൊണ്ട് ഒരു സാഹചര്യത്തിലും നമുക്ക് ഈ 142 അടിയോ 140 അടിയോ 138 അടിയോ സമ്മതിക്കാൻ പറ്റില്ല. നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമെന്താണ്? ഈ മേൽനോട്ട സമിതി ഉണ്ടായതിനുശേഷം ഇന്ന് നമ്മളെല്ലാ ഡാറ്റയ്ക്കും ആശ്രയിക്കുന്നത് തമിഴ്നാടിനെയാണ്. ഈ മേൽനോട്ട സമിതിയുടെ അവിടത്തെ ഓഫീസ് നിങ്ങൾ ഒന്നുപോയി കാണണം. ബഹുമാനപ്പെട്ട മന്ത്രിക്കറിയാമല്ലോ അവിടത്തെ ഓഫീസ് എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്ന്. അങ്ങ് ബാംഗ്ലൂരിൽ പോയി കർണ്ണാടക ഗവൺമെന്റിന്റെ കാവേരി റിവർ ഡിസ്പ്യൂട്ടുമായി ബന്ധപ്പെട്ട മേൽനോട്ട സമിതിയുടെ ഓഫീസ് എങ്ങനെയാണ് പ്രവർത്തിക്കുന്നത് എന്നൊന്ന് നോക്കണം. മേൽനോട്ട സമിതിക്ക് വേണ്ട കാര്യങ്ങൾ ചെയ്യാൻ നമ്മുടെ ഓഫീസ് തുടങ്ങിയിരിക്കുന്നത് കുമളിയിലാണ്. തമിഴ്നാട് വലിയ ഡാറ്റ

കളക്ട് ചെയ്ത് തരികയാണ്. ആ ഡാറ്റായെ നമ്മൾക്കൂടി ഡിപ്പെന്റ് ചെയ്യുന്ന സാഹചര്യത്തിലേയ്ക്കാണ് പോകുകയാണ്. കുറേക്കൂടി ഗൗരവത്തോടുകൂടി കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടിയാണ് ഞങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നുള്ള തെറ്റ്, അവരുടെ നിസംഗത, ചില സമയത്തുള്ള കെടുകാര്യസ്ഥത, അനാസ്ഥ എന്നിവ ഇതിലൂടെ ചൂണ്ടിക്കാണിക്കുന്നത്. 2014-ലെ സുപ്രീംകോടതി വിധിയിലൂടെ നമുക്ക് ലഭ്യമായ മേൽനോട്ട സമിതി എന്നുള്ള ഈ പരിമിതിമായ അവകാശം ഏറ്റവും ഫലപ്രദമായി ഉപയോഗിക്കേണ്ടതിനുപകരം ഈ മേൽനോട്ട സമിതി കടലാസ്സിൽമാത്രം ഒതുങ്ങിയിരിക്കുന്ന കാര്യത്തെയാണ് ഞങ്ങൾ അതിശക്തമായി വിമർശിച്ചത്. ഡാം അപകടത്തിലാണ്, ഡാമിന് സുരക്ഷിതത്വമില്ല എന്നതാണല്ലോ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ഇത് നമ്മൾ ബോധ്യപ്പെടുത്തണ്ടേ? 2018-ൽ തുടങ്ങി, 2019, 2020, 2021 എന്നീ വർഷങ്ങളിൽ തുടർച്ചയായുണ്ടാകുന്ന കാലാവസ്ഥാ മാറ്റങ്ങളും മഹാപ്രളയങ്ങളും മണ്ണിടിച്ചിലും ഡാമിന്റെ സുരക്ഷയ്ക്ക് ഭീഷണിയാണെന്ന ഗൗരവതരമായ കാര്യം പുതിയ സാഹചര്യത്തിൽ സുപ്രീം കോടതിയുടെ മുൻപിൽ ബോധ്യപ്പെടുത്താൻ നമ്മൾ പരാജയപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇതൊരു പുതിയ കേസാണ്. 2018

വരെയുണ്ടായിരുന്ന മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയെ സംബന്ധിച്ച് നമ്മൾ തയ്യാറാക്കിക്കൊണ്ടിരുന്ന കേസിൽനിന്നും വ്യത്യസ്തമായൊരു കേസാണിത്. കഴിഞ്ഞ തുടർച്ചയായ നാല് വർഷമുണ്ടായിക്കൊണ്ടിരിക്കുന്ന മഹാപ്രളയത്തിൽനിന്നും ഉത്ഭവിക്കുന്ന ആ പുതിയ കേസ് നമുക്ക് build up ചെയ്യാൻ പറ്റിയില്ല. പ്രളയസാധ്യത ഏറ്റവും കൂടുതലുള്ള സ്ഥലമാണ് ഈ ഡാമുമായി ബന്ധപ്പെട്ടുള്ളത് എന്ന ഡൽഹി ഐ.ഐ.റ്റി.യുടെ റിപ്പോർട്ട് അതിനുമുൻപ് വന്നു. അതുപോലെ ഈ ഡാം ഉണ്ടാക്കിയ കാലത്ത് അവിടത്തെ ഭൂകമ്പ സാധ്യതകളെപ്പറ്റി, seismological impact-നെക്കുറിച്ച് അന്ന് പഠിച്ചിട്ടുണ്ടായിരുന്നില്ല. ആ ഭൂകമ്പ സാധ്യതകളെക്കുറിച്ചാണ് ഇപ്പോൾ റൂർക്കി IIT-യുടെ റിപ്പോർട്ട് വന്നിട്ടുള്ളത്. അത് വളരെ ഷോക്കിംഗായുള്ള റിപ്പോർട്ടാണ്. അതിന്റെ പരിസര പ്രദേശത്തുപോലും ഭൂകമ്പ സാധ്യത റിക്ടർ സ്കെയിലിന്റെ പരിധിയിൽ വരുന്ന സമയത്ത് അപകടകരമായ സാധ്യതയുണ്ടെന്നുള്ള ഈ റിപ്പോർട്ടും പ്രളയ സാധ്യതയുണ്ടെന്നുള്ള ഡൽഹി ഐ.ഐ.റ്റി.യുടെ റിപ്പോർട്ടും നമുക്ക് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയണം. അതുപോലെതന്നെ ഇപ്പോൾ കൊടുത്തിരിക്കുന്ന ഒരു അഫിഡവിറ്റിൽ ഗവൺമെന്റിന്റെ നിലപാട്

എന്താണ്? ഗവൺമെന്റ് തമിഴ്നാടിനോട് ആവശ്യപ്പെടുന്നതാണ്, “ Additional storage may be created at appropriate places in Tamil Nadu or the capacity of Vaigai dam may be enhanced to store more water” . അതായത് ഈ വെള്ളം തമിഴ്നാട്ടിലേയ്ക്ക് പോകുമ്പോൾ കൂടുതൽ സ്റ്റോറേജ് ഫെസിലിറ്റി തമിഴ്നാട് ഉണ്ടാക്കണം. തമിഴ്നാട്ടിലെ വൈഗ ഡാമിലേയ്ക്കാണ് ഈ വെള്ളം ഒഴുകിപ്പോകുന്നത്. അതിനാൽ അതിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കണം. രണ്ടാമത് പറയുന്നതെന്താണ്, “ The capacity of the existing tunnel may be enhanced.” വെള്ളം തമിഴ്നാട്ടിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുന്ന ടണലിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കണം. ഇതൊക്കെ ചെയ്താൽ മുല്ലപ്പെരിയാർ ഡാം സുരക്ഷിതമാണെന്നുള്ള ഒരു കൺക്ലൂഷനിലേയ്ക്കാണ് നമ്മൾ പോകുന്നത്. അപ്പോൾ തമിഴ്നാട് വൈഗ ഡാമിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കുകയും സ്റ്റോറേജ് ഫെസിലിറ്റിയും ടണലിന്റെ വിസ്താരവും വർദ്ധിപ്പിച്ച് വലിയ ടണലാക്കുകയും ചെയ്താൽ ഡാം സുരക്ഷിതമാണെന്നുള്ള ഒരു കൺക്ലൂഷനിലേയ്ക്ക് നിങ്ങൾ ഈ കൊടുത്ത അഫിഡവിറ്റ് പോകുകയാണ്. അവിടെയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഞങ്ങൾക്കുള്ള അഭിപ്രായ

വ്യത്യാസം. കഴിഞ്ഞ കുറേ വർഷങ്ങളായി നമ്മൾ രണ്ട് കാര്യങ്ങളാണ് പറഞ്ഞിരുന്നത്. ഒന്ന്, വെള്ളത്തിന്റെ ലെവൽ താഴേയ്ക്ക് കൊണ്ടുവരണം. രണ്ട്, ഡാം സുരക്ഷിതമല്ലാത്തതിനാൽ പുതിയ ഡാം പണിയണം. തമിഴ്നാടിന് വെള്ളം ലഭിക്കണം, അവരുമായി യാതൊരു തർക്കവുമല്ല. കേരളത്തിന് സുരക്ഷ, തമിഴ്നാടിന് വെള്ളം എന്നുള്ള ഉമ്മൻചാണ്ടി മന്ത്രിസഭയുടെ കാലത്തെ പ്രൊപ്പോസലാണ് ഏറ്റവും പ്രധാനപ്പെട്ടത്. അതിന് ചർച്ചകൾ നടക്കണം. അങ്ങനെ ചർച്ച നടക്കുമ്പോൾ നമ്മുടെ താൽപര്യങ്ങൾ താഴേയ്ക്ക് പോകാൻ പാടില്ല. അപ്പോൾ പുതിയ ഡാം പണിയണം എന്നുള്ള നമ്മുടെ ഒരു പർപ്പസ്, ജലനിരപ്പ് താഴേയ്ക്ക് കൊണ്ടുവരണം..., ഏത് സാഹചര്യത്തിൽ? 2014-ലെ വിധിയുടെ പശ്ചാത്തലമല്ല ഇപ്പോൾ നിൽക്കുന്നത്. ജലനിരപ്പ് 142 അടിവരെയാകാം എന്നുള്ള 2014-ലെ സുപ്രീം കോടതി വിധി നിലനിൽക്കുമ്പോൾതന്നെ കേരളത്തിലെയും രാജ്യത്തിലെയും ലോകത്തിലെയും സാഹചര്യങ്ങൾ മാറിയിരിക്കുകയാണ്. IPCC (Intergovernmental Panel on Climate Change)-യുടെ പുതിയ റിപ്പോർട്ട് അടക്കമുള്ള കാര്യങ്ങൾ എടുത്തുകൊണ്ട്, മാത്രമല്ല, പശ്ചിമഘട്ടത്തിൽ നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന

മണ്ണിടിച്ചിൽ..., നേരത്തെ മന്ത്രി പറഞ്ഞതുപോലെ ഇത് ഒഴുകി ഒഴുകി വന്ന് ഇപ്പോൾതന്നെ ഡാമുകൾ മണലും എക്കലുംകൊണ്ട് നിറഞ്ഞിരിക്കുകയാണ്. അതിന്റെ മീതെ മലയിടിച്ചിലിൽനിന്നുണ്ടാകുന്ന കല്ലും മണ്ണും നിറയുകയാണ്. അപ്പോൾ നേരത്തെ പറഞ്ഞ കാച്ച്മെന്റ് ഏരിയയുടെ കപ്പാസിറ്റി, ഡാമിന്റെ വെള്ളം ശേഖരിക്കാനുള്ള കപ്പാസിറ്റി വളരെയധികം താഴേയ്ക്ക് പേകാകുയാണ്. അപ്പോൾ തീവ്രമഴയുണ്ടാകുമ്പോൾ കൂടുതൽ പ്രശ്നങ്ങളിലേയ്ക്കും ദുരിതത്തിലേയ്ക്കും വരുമെന്നുള്ള പ്രധാനപ്പെട്ട കാര്യം നമുക്ക് ചർച്ച ചെയ്തേ മതിയാകൂ എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഡാമുകൾ ശരിയായി തുറക്കാതെ ഡാം മാനേജ്മെന്റിൽ പരാജയപ്പെട്ടതുകൊണ്ടാണ് ഇത്രയും ദുരന്തമുണ്ടായതെന്നാണ് 2018-ൽ ഇവിടെ പ്രളയമുണ്ടായിക്കഴിഞ്ഞപ്പോൾ ഞങ്ങൾ പറഞ്ഞത്. ശ്രീ. റോഷി അഗസ്റ്റിനുമൊക്കെ അന്നത് പറയാൻ ഞങ്ങളുടെ കൂടെയുണ്ടായിരുന്നു. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അന്നത്തെ വൈദ്യുതി വകുപ്പുമന്ത്രിയും അതിനെ ഡിഫന്റ് ചെയ്തതെന്നുകൊണ്ടാണ്; ഡാം തുറന്നതുകൊണ്ടല്ല പ്രളയമുണ്ടായതെന്ന് സെൻട്രൽ വാട്ടർ കമ്മീഷൻ പറഞ്ഞിട്ടുണ്ടെന്നാണ് പറഞ്ഞത്. ഡാം മാനേജ്മെന്റിലുണ്ടായ പരാജയം

മറച്ചുവയ്ക്കാനും രക്ഷപ്പെടാനുംവേണ്ടി ദയവുചെയ്ത് നിങ്ങൾ സെൻട്രൽ വാട്ടർ കമ്മീഷനെ ഡിപ്പെൻഡ് ചെയ്യരുതെന്ന് അന്ന് ഞാൻ ഈ സഭയിൽ പറഞ്ഞു. സെൻട്രൽ വാട്ടർ കമ്മീഷന്റെ ആ വാദമുഖം കേരള സർക്കാർ ഫോളോ ചെയ്താൽ അത് മുല്ലപ്പെരിയാർ കേസിൽ നമ്മുടെ താല്പര്യത്തിന് വിരുദ്ധമായിരിക്കും. കാരണം മുല്ലപ്പെരിയാർ കേസിൽ നമ്മുടെ താല്പര്യത്തിന് വിരുദ്ധമായ നിലപാടാണ് സെൻട്രൽ വാട്ടർ കമ്മീഷൻ സ്വീകരിക്കുന്നത്. എന്നാൽ ഇതിന്റെ ടെൻഷനെല്ലാം മാറി കുറച്ചുനാൾ കഴിഞ്ഞപ്പോൾ സെൻട്രൽ വാട്ടർ കമ്മീഷൻ നിലപാട് മാറ്റിയും പറഞ്ഞിട്ടുണ്ട്. അന്ന് ചർച്ചയിൽ നമ്മൾ മിണ്ടിക്കഴിഞ്ഞാൽ സെൻട്രൽ വാട്ടർ കമ്മീഷൻ, സെൻട്രൽ വാട്ടർ കമ്മീഷൻ എന്നുപറയും. അവരുടെ നിലപാട് തെറ്റായിരുന്നു. അന്ന് നമുക്കിത് മാനേജ് ചെയ്യാൻ പറ്റിയില്ല. അതുകൊണ്ടാണ് ഇപ്പോൾ നിങ്ങൾ നേരത്തേ പോയി തുറന്നുകൊടുക്കുന്നത്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി നേരത്തേ പറഞ്ഞു, റവന്യൂ വകുപ്പുമന്ത്രിയും കൂടി അവിടെ പോയിയെന്ന്. ഡാമിലെ വെള്ളം നേരത്തേ തുറന്നുവിടുന്നതും ആളുകളെ ഒഴിപ്പിക്കുന്നതും പണ്ടുമുതലേ ചെയ്യുന്നതാണ്. ഇപ്പോൾ ഇതൊക്കെ ചെയ്യുന്നത് 2018-ലെ സംഭവം

ആവർത്തിക്കാതിരിക്കാൻ വേണ്ടിയാണ്. 2018-ലുണ്ടായ അബദ്ധം ആവർത്തിക്കാതിരിക്കാൻ വേണ്ടിയാണ്. 2018-ലുണ്ടായത് അബദ്ധമാണ്, കെടുകാര്യസ്ഥതയാണ്, ശ്രദ്ധയില്ലായ്മയാണ് എന്നാണ് ഇപ്പോഴത്തെ ഈ സന്നാഹം കൊണ്ട് വ്യക്തമാകുന്നത്. നമ്മൾ മനസ്സിലാക്കേണ്ട വിഷയം പൊതുവായ നമ്മുടെ താല്പര്യങ്ങൾ ഉയർത്തിപ്പിടിക്കണം. ആ രണ്ട് താല്പര്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിലും ഗവൺമെന്റ് ഇപ്പോൾ ദയനീയമായി പരാജയപ്പെട്ടുവെന്നാണ് ഞങ്ങളുടെ നിലപാട്. അല്ലാതെ ഇത് ചർച്ച ചെയ്യുന്നതിലോ തമിഴ്നാടും കേരളവുമായി ഒരുമിച്ച് നിന്നുകൊണ്ട് മുന്നോട്ടുപോകുന്നതിലോ ഞങ്ങൾക്ക് തർക്കമില്ല. അതിലെല്ലാ കാര്യത്തിലും ഞങ്ങൾ യോജിക്കും. അതുകൊണ്ട് വെള്ളത്തിന്റെ നിരപ്പ് താഴ്ത്തിക്കൊണ്ടുവരുന്ന കാര്യത്തിൽ മേൽനോട്ട സമിതിയിലും സുപ്രീംകോടതിയിലും കൃത്യമായ നിലപാടെടുക്കുന്ന കാര്യത്തിലും 2018-നുശേഷം 2021 വരെയുള്ള കാലാവസ്ഥ വ്യതിയാനങ്ങളുടെയും അപകടങ്ങളുടെയും പശ്ചാത്തലത്തിൽ ഡാമിന്റെ സുരക്ഷയില്ലായ്മ സുപ്രീംകോടതിയെ ബോദ്ധ്യപ്പെടുത്തുന്ന കാര്യത്തിലും സർക്കാർ പരാജയപ്പെട്ട സാഹചര്യവും ഇതുപോലെ ഗൗരവകരമായ ഒരു വിഷയം

സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിലും പ്രതിഷേധിച്ചും ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇതിൽ പ്രതിപക്ഷത്തിന്റെ പ്രതിഷേധം എന്നുപറയുന്നത് ഇന്ന് നിലനിൽക്കുന്ന ആശങ്കയാണ്. കഴിഞ്ഞ കുറച്ചുദിവസങ്ങളായി കേരളത്തിൽ നിലനിൽക്കുന്ന ആശങ്ക എല്ലാവർക്കും അറിയാം. മുല്ലപ്പെരിയാറിൽ വെള്ളം കുറയുന്നില്ല. 139.5 അടി എന്നുപറഞ്ഞത് 140-ലേയ്ക്ക് പോയ്ക്കൊണ്ടിരിക്കുന്നു. നേരത്തേയുള്ള കാര്യങ്ങൾ ജനങ്ങൾക്കൊക്കെ അറിയാം. വൻമഴ പെയ്യുന്നത് നിത്യസംഭവമായി മാറിക്കൊണ്ടിരിക്കുകയാണ്. ഇന്നത്തെ സാഹചര്യത്തിൽ രണ്ട് ദിവസംകൂടി അങ്ങനെ മഴ പെയ്താൽ ഡാം കരകവിയും. ജലനിരപ്പ് 160 അടിയുടെ മുകളിൽ പോയി ഡാം കരകവിഞ്ഞാൽ അപകടമാണ്. ഇതുസംബന്ധിച്ച റിപ്പോർട്ട് നേരത്തേ വന്നതാണ്. യു.ഡി.എഫ്. ഭരിക്കുന്ന സമയത്ത് അന്നത്തെ പ്രതിപക്ഷം അതിന് വൻപ്രചാരം കൊടുത്താണ്.

ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. കേരളത്തിൽ അത് വലിയ പ്രശ്നമായതാണ്. അതുകൊണ്ട് ജലനിരപ്പ് 140 അടിയുടെ അടുത്തുനിൽക്കുന്നു, വൻമഴ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു, ഈ സാഹചര്യത്തിൽ എപ്പോഴാണെന്നറിയില്ല...... ഇത്രയും ഗൗവരമുള്ള പ്രശ്നം ആ നിലയിൽ കൈകാര്യം ചെയ്തോ എന്നതാണ് പ്രശ്നം. സന്ദർഭത്തിനനുസരിച്ച് ഉയർന്ന് എന്ത് ചെയ്യാൻ സാധിക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു രാഷ്ട്രീയമായി .... ജയലളിത തമിഴ്നാട് മുഖ്യമന്ത്രിയായിരുന്ന സമയത്തെ ചർച്ചയിൽ ഒരു ഡെലിഗേഷനായി ഞാനും ഉണ്ടായിരുന്നു. അന്ന് അവിടെ നിന്നും പരിപൂർണ്ണ നിസ്സഹകരണമായിരുന്നു ഉണ്ടായത്. അന്നത്തെ മുഖ്യമന്ത്രിയും ഇറിഗേഷൻ മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ഞങ്ങളുമൊക്കെയുണ്ടായിരുന്നു. അനുവദിച്ച സമയം മുഴുവൻ ചർച്ച ചെയ്തിട്ടും യാതൊരു സഹകരണവുമില്ലാത്ത നിലപാടായിരുന്നു അന്ന് തമിഴ്നാട് സ്വീകരിച്ചത്. അവസാനം മലയാളികൾക്ക് വരെ പ്രശ്നം വരുന്ന രീതിയിൽ ഇവിടത്തെ പ്രതിപക്ഷം ആ പ്രശ്നം വലിയ തോതിൽ ഉയർത്തുകയും ചെയ്തു. ആകെയൊരു കലുഷിതമായൊരു അന്തരീക്ഷമായിരുന്നു. ഇപ്പോൾ ഞങ്ങൾ അങ്ങനെയൊന്നും

ഉദ്ദേശിക്കുന്നില്ല. സഹകരിക്കാൻ തന്നെയാണ് തീരുമാനിച്ചിരിക്കുന്നത്. രാഷ്ട്രീയമായി ഒരേ മുന്നണിയാണ് അവിടെയും ഇവിടെയും ഭരിക്കുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഇപ്പോഴത്തെ അന്തരീക്ഷം മാറിയത് സംബന്ധിച്ച് അങ്ങ് സൂചിപ്പിച്ചു. കൂടുതൽ വെള്ളം കൊണ്ടുപോകണമെന്ന് കേരളം ആവശ്യപ്പെട്ടതു സംബന്ധിച്ചാണ് പ്രതിപക്ഷ നേതാവ് പറഞ്ഞത്. വൈഗ ഡാമിന് വിസ്തൃതി കൂട്ടണം തുടങ്ങിയ കാര്യങ്ങളൊന്നും ഞങ്ങൾ കോടതിയിൽ പറഞ്ഞതല്ല. കേരളത്തിലേയ്ക്ക് ഒഴുകുന്ന വെള്ളം കൂടുതലായി അവർ എടുക്കുകയാണെങ്കിൽ ആശ്വാസകരമാകുമെന്നുമുള്ളതുകൊണ്ട് ഹ്രസ്വകാലമായി പെട്ടെന്ന് ചെയ്യേണ്ട കാര്യത്തെക്കുറിച്ചാണ് പരാമർശിച്ചത്. ഇതൊക്കെ സഭയിൽ പറയുമ്പോൾ തെറ്റിദ്ധാരണയുണ്ടാക്കും. വൈഗ ഡാമിന്റെ വിസ്തൃതി കൂട്ടാനോ പുതുതായി വെള്ളം കൊണ്ടുപോകാനോ ഒന്നുമല്ല പറഞ്ഞത്. അവരിപ്പോൾ 1800 ആണ് എടുക്കുന്നത്. അതിന്റെ മാക്സിമം കപ്പാസിറ്റിയെടുക്കണം. അതിനുള്ള സൗകര്യമൊരുക്കണമെന്നാണ് പറഞ്ഞത്. അത് കോടതിയിൽ പറഞ്ഞതല്ല. ഞങ്ങൾ അഭിഭാഷകന് കൊടുത്ത കത്തിൽ പറഞ്ഞതാണ്. എന്തോ തെറ്റ് ചെയ്തു, വിസ്തൃതി കൂട്ടണം, പുതിയ ടണലുണ്ടാക്കണം

എന്നരീതിയിൽ നിയമസഭയിൽ പറയുന്നത് ശരിയല്ല. സ്വാഭാവികമായും ഇത്തരം ചർച്ചകൾ ഉണ്ടാകാതിരിക്കണമെന്നതാണ് ഞങ്ങളുടെ അഭ്യർത്ഥന. സൂപ്പർവൈസറി കമ്മിറ്റി കൃത്യമായി കണ്ണുകൊടുത്തിട്ടുണ്ട്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ചർച്ച ചെയ്യാവുന്നതും വിശദീകരിക്കാവുന്നതുമായ വിഷയങ്ങളാണല്ലോ ഇത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ പറഞ്ഞത് എല്ലാ പാർട്ടികളും ഇക്കാര്യത്തിൽ ഒരുമിച്ച് നിൽക്കണമെന്നാണ്. ഒരുമിച്ച് നിൽക്കാം. പക്ഷേ സന്ദർഭത്തിന്റെ ഗൗരവമനുസരിച്ച് സർക്കാരും പ്രവർത്തിക്കണം. അതാണ് ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത്. തമിഴ്നാട് കൂടുതൽ വെള്ളം കൊണ്ടുപോകണം. എന്നാൽ കൊണ്ടുപോകാതിരിക്കാൻ വേണ്ടിയുള്ള അടവ് അവർ നോക്കുന്നു. എന്തുതന്നെയായാലും ഇപ്പോൾ അവിടെയും ഇവിടെയും ഭരിക്കുന്നത് ഒരേ മുന്നണിയാണ്. സത്യം പറഞ്ഞാൽ ഇവിടത്തെ കക്ഷികളൊക്കെ തന്നെയാണ് അവിടത്തെ ഭരണകക്ഷികളും. ഇപ്പോഴത്തെ സന്ദർഭത്തിന്റെ പൊളിറ്റിക്കൽ യാഥാർത്ഥ്യം അനുസരിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ മുൻകൈ എടുത്ത് അതിനുള്ള സൗഹൃദാന്തരീക്ഷത്തിൽ ചർച്ച ചെയ്യണം. ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞതുപോലെ ആൾ പാർട്ടി

മീറ്റിംഗ് സംഘടിപ്പിക്കണം. പുതിയ അണക്കെട്ട് വേണ്ടിവരും. സുർക്കി മിശ്രിതം അധികകാലം പോകില്ല. അതിനാൽ സന്ദർഭത്തിന്റെ ഗൗരവം അനുസരിച്ച് തീരുമാനമെടുക്കണം. രണ്ടുദിവസംകൂടി വൻമഴ പെയ്താൽ അപകടമുണ്ടാകും. കഴിഞ്ഞ രണ്ടുദിവസം അങ്ങനെയുള്ള മഴയായിരുന്നല്ലോ. ഇന്നലെ രാത്രി ഞാൻ അതുവഴിയാണ് വന്നത്. ഭയങ്കര മഴയായിരുന്നു. പക്ഷേ, ഭാഗ്യത്തിന് ജലനിരപ്പ് കുറച്ച് താഴ്ന്നിരിക്കുന്നുവെന്ന് ഇന്ന് രാവിലത്തെ വാർത്തയിൽ അറിയാൻ കഴിഞ്ഞു. താഴാതിരുന്നാൽ എന്തു ചെയ്യും; എറണാകുളത്തുകൂടി കടന്നുപോകുമ്പോൾ മനസ്സിന് ഭീതി തോന്നുകയാണ്. കാരണം അതാണ് സ്ഥിതി. ഇന്നലെ ആലപ്പുഴയിലൊക്കെ ഭയങ്കര മഴയായിരുന്നു. രണ്ടുദിവസം ഇങ്ങനെ മഴ തുടർന്നാൽ ഡാം കരകവിയാനും സാദ്ധ്യതയുണ്ട്. എന്റെ മുന്നിലിരിക്കുന്ന IIT റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതാണത്. ഇങ്ങനെയുള്ള അപകടകരമായൊരു സ്ഥിതിയിലാണ് കേരളം നിൽക്കുന്നത്. ആ ഗൗരവത്തിനനുസരിച്ച് സർക്കാരിന്റെ നിലപാട് ഉയരണം. പ്രതിപക്ഷം അന്നെടുത്ത സമീപനമൊന്നും ഇപ്പോൾ ഞങ്ങൾ എടുക്കുന്നില്ല. ഈ സന്ദർഭത്തിനനുസരിച്ച് സർക്കാർ ഉയരുന്നില്ലയെന്ന വിമർശനമുണ്ട്. ഈ

വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി).

ശ്രീ. മോൻസ് ജോസഫ്: സർ, മുല്ലപ്പെരിയാർ വിഷയത്തിൽ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ അടക്കം ഞങ്ങളെല്ലാവരും ആഴ്ചകളോളം നിരാഹാരസമരം അനുഷ്ഠിച്ചിട്ടുള്ളവരാണ്. ഞാൻ 2006-ൽ നിയമസഭയുടെ പെറ്റീഷൻ കമ്മിറ്റി ചെയർമാനായിരിക്കുന്ന സമയത്ത് നിയമസഭയിൽ മുല്ലപ്പരിയാറിൽ പുതിയ ഡാം നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള റിപ്പോർട്ട് അവതരിപ്പിച്ചതുമുതൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ അവതരിപ്പിക്കപ്പെട്ട എല്ലാ പ്രമേയങ്ങളിലും ഏകകണ്ഠമായ നിലപാടാണ് എടുത്തിട്ടുള്ളത്. കേരളം രാഷ്ട്രീയത്തിനതീതമായി ഒന്നിച്ചുനിന്ന് നിലപാടെടുത്ത് മുന്നോട്ടുപോകേണ്ട കാര്യമാണ് എന്നതിൽ തർക്കമില്ല. പക്ഷേ ഇവിടെ വന്ന പ്രശ്നം ഇപ്പോഴും അവശേഷിക്കുകയാണ്. മേൽനോട്ട സമിതിയിൽ നമുക്ക് പാളിച്ച സംഭവിച്ചു.

സുപ്രീംകോടതിയിൽ തിരുത്തലിനുവേണ്ടി ശ്രമിച്ചുവെന്നത് ശരിയാണ്. മേൽനോട്ട സമിതിയിൽ തമിഴ്നാട് പറഞ്ഞ 142 അടി അംഗീകരിച്ചുകൊണ്ട് മിനിട്സ് വരികയും അത് നമുക്ക് വലിയദോഷം ഉണ്ടാക്കുകയും ചെയ്തുവെന്ന പ്രശ്നം ഗൗരവമുള്ളതുതന്നെയാണ്. മുല്ലപ്പെരിയാറുമായി ബന്ധപ്പെട്ട വിഷയത്തിൽ കേരളം ഗൗരവമായി ചർച്ച ചെയ്യേണ്ടതായിരുന്നു. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിക്ഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭയിൽനിന്ന് പുറത്തുപോയി).

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, മുല്ലപ്പെരിയാർ വിഷയത്തിൽ ജനങ്ങളുടെ ആശങ്ക പരിഹരിക്കാനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. ഈ വിഷയം വളരെയേറെ ഗൗരവമായിതന്നെ ഇന്ന് ജനങ്ങളുടെ മുന്നിൽ നിൽക്കുന്ന ഒന്നാണ്. സർക്കാരിന്റെ പാളിച്ചകളാണ് ഇവിടെ ഒന്നൊന്നായി ചൂണ്ടിക്കാട്ടിയത്. മേൽനോട്ട സമിതിയിലടക്കം പങ്കെടുത്ത ഉദ്യോഗസ്ഥർക്ക് പാളിച്ചകളുണ്ടായി. അതിന്റെ ദുരിതം അനുഭവിക്കേണ്ടിവരുന്നത് കേരള സമ◌ൂഹമാണ്. അതിൽ ആശങ്ക

ഉയർന്നുനിൽക്കുന്നു. മുല്ലപ്പെരിയാർ വിഷയത്തിലുണ്ടായ സർക്കാരിന്റെ ഗുരുതരമായ വീഴ്ചയിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭയിൽനിന്ന് പുറത്തുപോയി)

ശ്രീമതി കെ. കെ. രമ: സർ, മുല്ലപ്പെരിയാർ വിഷയത്തിൽ സർക്കാരിന്റെ ഗുരുതരമായ വീഴ്ചകൾ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭയിൽനിന്ന് പുറത്തുപോയി.

സഭവിട്ടു പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരികെ ഹാജരായി.)